മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ (*121)

**മൃഗസംരക്ഷണ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ**

**1(*121)** ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും മികച്ച ഇടപെടലിന്റെ ഫലമായി മൃഗസംരക്ഷണ മേഖലയിൽ കൈവരിക്കാനായ നേട്ടം സുസ്ഥിരമാക്കുന്നതിന് മൃഗരോഗ പ്രതിരോധ സംവിധാനവും മൃഗചികിത്സാ സംവിധാനവും വിപുലീകരിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് അതിനായി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) രാത്രിയിലുൾപ്പെടെ ഏത് സമയത്തും വീട്ടിലെത്തി മൃഗചികിത്സ നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) കന്നുകാലികൾക്ക് മികച്ച പരിപാലനം ഉറപ്പാക്കുന്നതിന് രാജ്യത്ത് ആദ്യമായി പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള ഇ-സമൃദ്ധ പദ്ധതി എങ്ങനെയെല്ലാം പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ;

(ഡി) രോഗപ്രതിരോധശേഷിയും ഉല്പാദനക്ഷമതയും കൂടിയ ജനിതക മേന്മയുള്ള കന്നുകാലി ഇനങ്ങളെ വികസിപ്പിക്കുന്നതിനും അവയുടെ വ്യാപനത്തിനും നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി(ശ്രീമതി ജെ.ചിഞ്ചുറാണി): സർ, (എ) സംസ്ഥാനത്ത് മൂന്ന് തലത്തിലുള്ള മൃഗാരോഗ്യ പരിപാലന സംവിധാനമാണുള്ളത്. 215 വെറ്ററിനറി ആശുപത്രികളും 885 വെറ്ററിനറി ഡിസ്പെൻസറികളും താലൂക്ക് തലത്തിൽ 50 വെറ്ററിനറി പോളിക്ലിനിക്കുകളും ജില്ലാതലത്തിൽ 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളും മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രിയും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ കൂടാതെ സഞ്ചരിക്കുന്ന മൃഗാശുപത്രികൾ/ജില്ലാതല ക്ലിനിക്കൽ ലാബുകൾ, സംസ്ഥാനതല മുഖ്യരോഗനിർണ്ണയ കേന്ദ്രം, 4 പ്രാദേശിക രോഗനിർണ്ണയ ലബോറട്ടറികൾ, സംസ്ഥാനതല വന്ധ്യതാ നിവാരണ ഓഫീസ്, സാംക്രമിക രോഗ

വിശകലന യൂണിറ്റ്, കന്നുകാലി ഉൽപ്പന്ന പരിശോധനാ ലബോറട്ടറി, അതിർത്തി ചെക്ക് പോസ്റ്റുകൾ എന്നിവയും ഉൾപ്പെടുന്നുണ്ട്. മൃഗചികിത്സയ്ക്ക് അത്യാവശ്യമായ മരുന്നുകൾ മൃഗാശുപത്രികൾ വഴി സൗജന്യമായി കർഷകർക്ക് ലഭ്യമാക്കിവരുന്നു. അകിടുവീക്കം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള സമഗ്ര പരിപാടി ഏർപ്പെടുത്തിയിട്ടുണ്ട്. പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ് വഴി സംസ്ഥാനത്തിനാവശ്യമായ വാക്സിനുകൾ ഉത്പ്പാദിപ്പിച്ച്, മൃഗാശുപത്രികൾ വഴി കർഷകർക്ക് ലഭ്യമാക്കിവരുന്നു. നിലവിൽ പത്ത് ഇനം വാക്സിനുകളാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി വെറ്ററിനറി സർജൻമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചാണ് നടപ്പിലാക്കുന്നത്. വൈകിട്ട് 6 മണി മുതൽ രാവിലെ 6 മണി വരെയാണ് സേവനം നൽകുന്നത്. പദ്ധതിയുടെ പ്രയോജനം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പദ്ധതി എല്ലാ ബ്ലോക്കുകളിലുമായി വ്യാപിപ്പിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്റ്റ് (ADCP) ആണ് രോഗപ്രതിരോധ

പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. വർഷം തോറും രണ്ട് തവണ വീതം സംഘടിപ്പിക്കുന്ന ഭവന സന്ദർശനം വഴി സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും കുളമ്പുരോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്ന ഗോരക്ഷാ പദ്ധതിയാണ് ഇതിൽ പ്രധാനം. കൂടാതെ ആട് വസന്ത, കോഴികൾക്കും താറാവുകൾക്കുമുള്ള പ്രതിരോധ കുത്തിവയ്പ്പുകളും എ.ഡി.സി.പി. സംഘടിപ്പിക്കുന്നു. വകുപ്പിന്റെ കീഴിൽ 14 ജില്ലാ ലാബുകളും 50 താലൂക്ക് തല ലാബുകളും പ്രവർത്തിക്കുന്നു. വകുപ്പിന്റെ പ്രധാന റഫറൽ ലബോറട്ടറി ആയ പാലോട് സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസിൽ (SIAD) മൃഗങ്ങളിലെ ക്യാൻസർ നിർണ്ണയത്തിനുള്ള ഓങ്കോളജി വിഭാഗം പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനത്തിനും തിരുവല്ലയിലെ പക്ഷിരോഗ നിർണ്ണയ ലാബിനും ബയോ സേഫ്റ്റി ലെവൽ 2 ഗ്രേഡ് ലഭിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന് കീഴിലുള്ള SIAD, SLMAP, ADDL എന്നീ ലാബുകൾക്കും പാലക്കാട് മേഖലാ രോഗനിർണ്ണയ ലബോറട്ടറിക്കും NABL അക്രെഡിറ്റേഷനും ലഭ്യമാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ മരടിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ്സ്റ്റോക്ക് മറൈൻ ആൻഡ് അഗ്രി പ്രോഡക്റ്റ്സ് (SLMAP) ലാബിൽ പാലിലും

മാംസത്തിലുമുള്ള ആന്റിബോയോട്ടിക്കിന്റെ സാന്നിധ്യവും, മാംസം ഏത് ജന്തുവിന്റേതാണ് എന്ന് തിരിച്ചറിയുന്നതിനുള്ള പരിശോധനയ്ക്കുള്ള സൗകര്യവുമുണ്ട്. മണ്ണുത്തി വെറ്ററിനറി കോളേജ് ക്യാമ്പസ്സിൽ എല്ലാവിധ മൃഗചികിത്സാ സംവിധാനങ്ങളുമുള്ള മൃഗചികിത്സാ പഠന സമുച്ചയം ആരംഭിച്ചിട്ടുണ്ട്. മറ്റു മൃഗാശുപത്രികളിൽ നിന്ന് റഫർ ചെയ്തു വരുന്ന മൃഗങ്ങളുടെ രോഗ നിർണ്ണയവും ശസ്ത്രക്രിയകളും ഇവിടെ ചെയ്തുവരുന്നു. ആർ.കെ.വി.വൈ. പദ്ധതിയുടെ ഭാഗമായി പശുക്കളുടെ ഫാമുകളിൽ പോയി രോഗ നിർണ്ണയം നടത്തി ചികിത്സ നൽകിവരുന്നു. തൃശ്ശൂർ കൊക്കാലയിൽ സർവ്വകലാശാലാ മൃഗാശുപത്രിയിലും റഫർ ചെയ്തു വരുന്ന മൃഗങ്ങളെ ചികിത്സിക്കുന്നുണ്ട്. വയനാട് പൂക്കോട് വെറ്ററിനറി കോളേജിലും മൃഗ ചികിത്സാ പഠന സമുച്ചയം പ്രവർത്തിച്ചുവരുന്നു. കർഷക മിത്ര എന്ന പേരിൽ സർവ്വകലാശാലയിലെ മൂന്ന് മൃഗാശുപത്രികളിലും കർഷകർക്കായി മാർജിൻ ഫ്രീ മരുന്നുകടകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മൃഗാശുപത്രികളുടെ പ്രവർത്തന സമയത്തിനുശേഷം, കർഷകർക്ക് ആവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി രാത്രികാലങ്ങളിലെ അടിയന്തര വെറ്ററിനറി കെയർ

സർവ്വീസുകൾ സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും 3 കോർപ്പറേഷനുകളിലും ഒരു മുനിസിപ്പാലിറ്റിയിലുമായി 156 കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ജീവനക്കാരുടെ നിയമനം കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ്. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണിവരെയാണ് ഈ പദ്ധതി പ്രകാരം സേവനം ലഭിക്കുക. അടിയന്തര ജീവൻരക്ഷാ മരുന്നുകളും മറ്റ് അടിയന്തര ഉപകരണങ്ങളും വാങ്ങുന്നതിന് പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കർഷകരുമായി ബന്ധപ്പെടുന്നതിന് ആവശ്യമായ വാർത്താവിനിമയ സൗകര്യങ്ങളൊരുക്കുവാൻ തുക അനുവദിച്ചിട്ടുണ്ട്. കർഷകരുടെ വീട്ടുപടിക്കൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ നൽകുന്നതിനായി ടെലിമെഡിക്കൽ, ആംബുലൻസ് സംവിധാനങ്ങൾ നിലവിൽ കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 12 എണ്ണം അധികമായി സ്ഥാപിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാറിന്റെ ധനസഹായത്തോടെ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ കൂടി ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ എന്ന പദ്ധതിയുടെ കീഴിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വെറ്ററിനറി സർവ്വകലാശാലയുടെ ആശുപത്രികൾ രാവിലെ 9 മണിമുതൽ വൈകിട്ട് 4 മണിവരെ ഔദ്യോഗികമായി പ്രവർത്തിക്കുന്നു. എന്നിരുന്നാലും അത്യാഹിത വിഭാഗത്തിലുള്ളതും റഫർ ചെയ്തു വരുന്നതുമായ മൃഗങ്ങളെ ചികിത്സ ചെയ്യാനുള്ള സംവിധാനങ്ങൾ എല്ലാ സമയത്തും ഏർപ്പാടാക്കിയിട്ടുണ്ട്. മണ്ണുത്തി മൃഗാശുപത്രിയിൽ വൈകിട്ട് 4 മണി മുതൽ 9 വരെ എല്ലാ ദിവസവും ഈവനിംഗ് ക്ലിനിക്ക് സൗകര്യവും ലഭ്യമാണ്.

(സി) മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കും ജീവനക്കാർക്കും അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായകമാകുന്ന ബൃഹദ് പദ്ധതിയാണ് ഇ-സമൃദ്ധ. ഓരോ കർഷകന്റേയും വിവരങ്ങളും അവരുടെ ഉരുക്കളുടെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്ന ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം ആണ് ഇ-സമൃദ്ധ പദ്ധതി. ഉരുക്കളുടെ ചെവിയിൽ മൈക്രോ ചിപ്പ് ഉപയോഗിച്ച് തിരിച്ചറിയുന്നതിനും അവയുടെ ഉത്പാദനം, പ്രത്യുത്പാദനം, ചികിത്സ, പരിപാലനം വിവിധ പദ്ധതികളുടെ വിവരങ്ങൾ, മൃഗാശുപത്രികളുടെ ദൈനംദിന പ്രവർത്തനങ്ങൾ, വിവിധ റെക്കോഡുകൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഇതിലൂടെ കഴിയുന്നതാണ്. ഇ-സമൃദ്ധ പദ്ധതിയിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ

മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പുകൾക്കും വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആവശ്യകത അനുസരിച്ച് ലഭ്യമാവുന്നതായിരിക്കും. പൂർണ്ണതോതിൽ പദ്ധതി നടപ്പിലാക്കിക്കഴിയുമ്പോൾ മേഖലയെ സംബന്ധിച്ച എല്ലാ വിവരങ്ങളും ലഭ്യമാകുന്ന സംവിധാനമായി ഇത് മാറും.

(ഡി) സന്തതി പരിശോധനാ പദ്ധതിയിലൂടെയും തന്മാത്രാ സാങ്കേതിക വിദ്യ ഉപയോഗിച്ചും മെച്ചപ്പെട്ട കാളകളെ തെരഞ്ഞെടുത്തുകൊണ്ട് ഉത്പാദന ക്ഷമത കൂടിയതും ജനിതക മേന്മയുള്ളതുമായ കന്നുകാലി ഇനങ്ങളെ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ കെ.എൽ.ഡി ബോർഡ് നടപ്പിലാക്കിവരുന്നു. വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത മൂരികളുടെ ബീജോത്പാദനം നടത്തി കർഷകർക്ക് ലഭ്യമാക്കുകയും ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ച് വിത്ത് കാളകളെ ഉത്പാദിപ്പിക്കുകയും ചെയ്യുന്നു. ഭ്രൂണമാറ്റത്തിലൂടെയും ഇൻവിട്രോ ഫെർട്ടിലൈസേഷൻ വഴിയും പ്രതിരോധശേഷി കൂടിയ വെച്ചൂർ, സഹിവാൾ എന്നീ നാടൻ ഇനങ്ങളെ വികസിപ്പിക്കുന്ന പ്രവർത്തനങ്ങളും കെ.എൽ.ഡി ബോർഡ് നടപ്പിലാക്കിവരുന്നു. പശുക്കളിൽ ഉല്പാദന ശേഷിയും പ്രതിരോധ ശേഷിയും

കൂട്ടുവാനായി, ഫ്രീസ്‌വാൾ ഇനത്തിൽപ്പെട്ട കാളകളുടെ ബീജം ഉപയോഗിച്ച് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റേയും-ICAR (75% വിഹിതം), സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റേയും (25% വിഹിതം) സഹായത്തോടുകൂടി സങ്കരയിനം കന്നുകാലികളുടെ ഫീൽഡ് പ്രോജനി ടെസ്റ്റിംഗ് പദ്ധതി നടത്തിവരുന്നു. കൂടാതെ സർക്കാരിന്റെ പ്രത്യേക താൽപര്യ പ്രകാരം കെ.എൽ.ഡി ബോർഡും തിരുവനന്തപുരം ഐസറും (IISER) ചേർന്ന് കന്നുകാലികളിലെ ഉത്പാദന ക്ഷമതയും രോഗപ്രതിരോധ ശേഷിയും വർദ്ധിപ്പിക്കുന്നതിനായി ജനിതക ഗവേഷണത്തിനായി 2021 സെപ്റ്റംബറിൽ ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. രോഗപ്രതിരോധ ശേഷി കൂടിയ മലബാറി ആടുകളുടെ ഉല്പാദന ക്ഷമത കൂട്ടാനായി ഇന്ത്യൻ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെയും (75% വിഹിതം) സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെയും (25% വിഹിതം) സഹായത്തോടുകൂടി എ.ഐ.സി.ആർ.പി ഓൺ ഗോട്ട് ഇംപ്രൂവ്മെന്റ് (മലബാറി) പദ്ധതി നടപ്പിലാക്കിവരുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ക്ഷീര കർഷകർ അനുഭവിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് മൃഗഡോക്ടർമാരുടെ സേവനം യഥാസമയം ലഭ്യമാകുന്നില്ല എന്നതാണ്. വെറ്ററിനറി ഡോക്ടർമാരുടെ ലഭ്യതയ്ക്കനുസരിച്ച് നിയമനം

നടത്തുകയും കൂടാതെ വെറ്ററിനറി സയൻസ് പാസ്സായ ബിരുദധാരികൾക്ക് പരിശീലനം നൽകി ഇത്തരം ആശുപത്രികളിൽ അവരുടെകൂടി സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാകുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കേരളത്തിലെ മുപ്പതോളം വരുന്ന വെറ്ററിനറി ആശുപത്രികളിൽ നിയമിക്കാനുള്ള ഡോക്ടർമാർ നിലവിലില്ല. അതിനുപകരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താൽക്കാലികമായി ഡോക്ടർമാരുടെ നിയമനം നടത്തി ഈ വിടവ് നികത്തുകയാണ് ചെയ്യുന്നത്. മറ്റൊരു കാര്യം, ഒരു പഞ്ചായത്തിൽ ഏകദേശം ആയിരത്തോളം പശുക്കളുണ്ടാകും. അത്രയും പശുക്കളെ പരിശോധിക്കുന്നതിനുവേണ്ടി എല്ലാ വീടുകളിലും ഡോക്ടർമാർക്ക് എത്തുവാനും സാധിക്കുന്നില്ല. എന്നാൽ അവർ പരമാവധി എല്ലായിടത്തും എത്തുകയും ചെയ്യുന്നുണ്ട്. അതിനോടൊപ്പംതന്നെ നിലവിൽ പഠിച്ചിറങ്ങിയ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ഉപയോഗിക്കത്തക്കനിലയിലുള്ള പ്രവർത്തനമാണ് ഇന്ന് നടപ്പിലാക്കുന്നത്. അൻപതോളം വെറ്ററിനറി ഡോക്ടർമാരുടെ സേവനം ഞങ്ങൾ ഈ മേഖലയിൽ ഇപ്പോൾ

ഉപയോഗപ്പെടുത്തുന്നുണ്ട്. അതിൽ 39-ഓളം ഡോക്ടർമാർ നിലവിൽ ചാർജ്ജെടുത്തുകഴിഞ്ഞു.

ശ്രീ. ഡി. കെ. മുരളി: സർ, അത്യാവശ്യ ഘട്ടങ്ങളിൽ ഡോക്ടർമാരുടെയും മറ്റ് സേവനങ്ങളും കർഷകർക്ക് ലഭ്യമാകുന്നതിന് ഉപകരിക്കുന്ന നിലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ടോൾ ഫ്രീ നമ്പർ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാനാകുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ആ നിലയിലുള്ള സംവിധാനത്തെക്കുറിച്ച് ആലോചിച്ച് അതിന്റെ പ്രവർത്തനത്തിലേയ്ക്ക് കടക്കുകയാണ്. കർഷകന് നേരിട്ട് സെന്റർ കേന്ദ്രീകരിച്ച് വിളിക്കാനുള്ള ഒരു സംവിധാനത്തിലേയ്ക്കുള്ള ചുവടുവയ്പ് നടത്തുന്നുണ്ട്. രാത്രികാല സേവനത്തിനായി ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും അത്തരത്തിലുള്ള ഡോക്ടർമാരുടെ സേവനം 24 മണിക്കൂറും ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കോവിഡിന്റെ പ്രതിസന്ധി കാലത്ത് ക്ഷീരകർഷകർ ഉൽപ്പാദിപ്പിച്ച മുഴുവൻ പാലും സംഭരിച്ച മിൽമയെയും

സർക്കാരിനെയും ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. ഉൽപ്പാദന ചെലവിനനുസരിച്ച് പാൽവില വർദ്ധിപ്പിക്കുന്നതിന് പലപ്പോഴും കഴിയുന്നില്ല. ഈ സാഹചര്യത്തിൽ ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിന് ആശ്വാസ നടപടികൾ സ്വീകരിക്കാൻ കഴിയണം. തീറ്റചെലവും ചികിത്സാ ചെലവുമാണ് പ്രധാനം. സങ്കരയിനം പശുക്കൾക്കുണ്ടാകുന്ന രോഗങ്ങൾ കർഷകർക്ക് ഏറെ നഷ്ടങ്ങളുണ്ടാക്കുന്നു. മെച്ചപ്പെട്ട ജനിതക നിലവാരമുള്ള കന്നുകാലികളെ കർഷകർക്ക് ലഭ്യമാക്കുന്നതിനും ഇത്തരം കാലികൾക്കാവശ്യമായ ചികിത്സാ സഹായം ഒരുക്കുന്നതിനും കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിനും പാൽവില കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, പാലിന്റെ വില വർദ്ധിപ്പിക്കാതെ തീറ്റചെലവ് കുറയ്ക്കാനുള്ള നടപടികളാണ് സർക്കാർ ഇപ്പോൾ പരിശോധിക്കുന്നത്. ഗതാഗത ചെലവ് വർദ്ധിച്ചതുമൂലം കേരളത്തിലെത്തുന്ന കാലിത്തീറ്റയുടെ അസംസ്കൃത പദാർത്ഥങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ സ്വകാര്യ കമ്പനികൾ പല മടങ്ങ് വില വർദ്ധിപ്പിച്ചപ്പോഴും കേരള ഫീഡ്സ് 50 കിലോഗ്രാം ബാഗിന് 160 രൂപ വിപണി

വിലയിൽനിന്നും കുറച്ചാണ് കർഷകർക്ക് നൽകുന്നത്. കൂടാതെ മിൽമയുടെ കാലിത്തീറ്റയും വിപണി വിലയേക്കാൾ 25 രൂപ മുതൽ 50 രൂപ വരെ കുറച്ചാണ് വിൽക്കുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും വൈക്കോൽ, ചോളം, സോയാബീൻ തുടങ്ങിയ ധാന്യങ്ങളും കുറഞ്ഞ ചെലവിൽ ഗതാഗത പദ്ധതിയായ 'കിസാൻ റെയിൽ' മാർഗ്ഗം ഉപയോഗിച്ച് ഇറക്കുമതി ചെയ്യുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഇതിനായി കേരള ഫീഡ്സിന്റെ പ്രത്യേക ബജറ്റ് വിഹിതം 2022-23 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ, തീറ്റപ്പുല്ല്, ഇതര ധാന്യങ്ങൾ എന്നിവ കൃഷിവകുപ്പുമായി ചേർന്ന് വ്യാപകമായി കൃഷിചെയ്യുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് അനുസരിച്ച് കേരളത്തിൽ പാൽ വില വർദ്ധിപ്പിക്കാനുള്ള അധികാരം മിൽമയ്ക്കാണ്. അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന എന്നിവയെ അപേക്ഷിച്ച് കേരളമാണ് പാലിന് ഏറ്റവും കൂടുതൽ വില നൽകുന്നത്. കേരളത്തിൽ പശുവിൻ പാലിന് 35 രൂപയാണ് നിലവിൽ കർഷകർക്ക് കൊടുക്കുന്നത്.

കൂടാതെ ഒരു ലിറ്റർ പാലിന് 4 രൂപ സബ്സിഡിയും കർഷകർക്ക് കൊടുക്കുന്നുണ്ട്.

ശ്രീ. എൻ. കെ. അക്ബർ: സർ, ക്ഷീരകർഷകർക്കായി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; സംസ്ഥാനത്ത് ക്ഷീരകർഷകർക്ക് കുറഞ്ഞ ചെലവിൽ തീറ്റ ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കേരളത്തിന് പുറത്ത് ഗോതമ്പും അരിയും ഉൽപ്പാദിപ്പിക്കുന്ന പഞ്ചാബ്, ഹരിയാന പോലുള്ള സംസ്ഥാനങ്ങളിൽ അവരുടെ കണ്ടത്തിൽ തന്നെ കച്ചിലുകൾ കിടക്കുന്ന സംവിധാനമാണ് ഇന്ന് കാണുന്നത്. ഞങ്ങൾ കേന്ദ്ര വകുപ്പുമന്ത്രിയെ നേരിട്ട് പോയി കണ്ടപ്പോഴാണ് കിസാൻ റെയിൽ പദ്ധതിവഴി കേരളത്തിലേയ്ക്ക് ആവശ്യമായ ഇത്തരത്തിലുള്ള അസംസ്കൃത വസ്തുക്കൾ നൽകാമെന്ന് അറിയിച്ചത്. അത് ചെലവ് കുറഞ്ഞ രീതിയിൽ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള എല്ലാ ശ്രമവും ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. പ്രേംകുമാർ:</u> സർ, പാലുൽപ്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തതയിലേക്ക് നീങ്ങുന്നതിനുവേണ്ടി ഏറ്റവും ശ്രമകരമായ ഇടപെടൽ നടത്തുന്ന സംസ്ഥാനമാണല്ലോ കേരളം. ക്ഷീരോൽപ്പാദന രംഗത്തേയ്ക്ക് കൂടുതൽ കർഷകരേയും സ്വയംസഹായ സംഘങ്ങളേയും കൊണ്ടുവരാൻ ഉദ്ദേശിച്ചുള്ള മിൽക്ക് ഷെഡ് വികസന പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: മിൽക്ക് ഷെഡ് പദ്ധതി നമ്മുടെ കേരളത്തിലെ പഞ്ചായത്തുകളെ സെലക്ട് ചെയ്തുകൊണ്ട് ഇപ്പോൾതന്നെ നടപ്പിലാക്കുന്നുണ്ട്. പത്തു പശുക്കളുടെ യൂണിറ്റ് നമ്മൾ കൊടുക്കുന്നുണ്ട്. അതുപോലെതന്നെ നമുക്കറിയാം 'പശുഗ്രാമം പദ്ധതി'. ഒരു പഞ്ചായത്ത് സെലക്ട് ചെയ്താൽ അമ്പതുലക്ഷം രൂപയുടെ വിവിധ പദ്ധതികൾ അത് മൂന്നു പശു ആയാലും അഞ്ച് പശു ആയാലും പത്തു പശുക്കൾ ഉൾപ്പെടെയുള്ള പദ്ധതികളാണ് അതിലൂടെ നമ്മൾ നടപ്പിലാക്കുന്നത്. ആ തരത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ ഉൾപ്പെടെ വിവിധ സ്കീമുകൾ ഉപയോഗിച്ചുകൊണ്ട് കേരളത്തിൽ പാലുൽപ്പാദനം വർദ്ധിപ്പിക്കുക എന്ന വലിയ ലക്ഷ്യത്തോടാണ് നമ്മൾ അടുക്കുന്നത്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, കേരളത്തിൽ ഏകദേശം മൂന്നര ലക്ഷം ക്ഷീരകർഷകരാണുള്ളത്. കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും വില ദിനംപ്രതി വർദ്ധിക്കുന്നതുമൂലം കർഷകർ ഇന്നുവലിയ ബുദ്ധിമുട്ടിലാണ്. ഇന്നത്തെ മലയാള മനോരമയിൽതന്നെ 'കോഴിത്തീറ്റ റെക്കോർഡുവില; മുമ്പേ പറന്ന് കോഴി വില' എന്നുപറഞ്ഞു വാർത്ത വന്നിട്ടുണ്ട്. കേരളത്തിലെ ക്ഷീരകർഷകർക്കു പിടിച്ചുനിൽക്കണമെങ്കിൽ പാലിന്റെ വില വർദ്ധിപ്പിച്ചേ മതിയാകൂയെന്ന അവസ്ഥയിൽ നിൽക്കുകയാണ്. ത്രിതല പഞ്ചായത്തുകൾ മുഖേന ലിറ്ററിനു നാലു രൂപ നിരക്കിൽ സബ്സിഡി നൽകുന്നുണ്ട്. ഇത് ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ. പന്ത്രണ്ടുമാസവും സബ്സിഡി തുക കൊടുക്കുവാൻ ഗവൺമെന്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോയെന്നുള്ളതാണ് എന്റെ ചോദ്യം?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: നമ്മൾ പഞ്ചായത്തുവകുപ്പുമായി ചർച്ച നടത്തിയിട്ടുണ്ട്. അതിന്റെ രേഖകൾ സമർപ്പിച്ചിട്ടുണ്ട്. കാരണം നാലുരൂപയെന്നു പറയുമ്പോൾ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവ ഓരോ രൂപ വീതവും ക്ഷീര മേഖലയിൽ നിന്ന് ഒരുരൂപയും അങ്ങനെ നാലു രൂപയാണ് നമ്മൾ കൊടുത്തുകൊണ്ടിരിക്കുന്നത്.

ഇന്ത്യയൊട്ടാകെ പരിശോധിച്ചാൽ കേരളത്തിലാണ് മുപ്പത്തിയഞ്ച് രൂപ നിരക്കിൽ പാലിനുവില നൽകുന്നത്. അതോടൊപ്പമാണ് ഈ സബ്സിഡിയും നൽകുന്നത്. മിൽമ തിരുവനന്തപുരം മേഖലയിൽ ഒരു ലിറ്റർ പാലിന് ഏകദേശം രണ്ടുരൂപ സംഘങ്ങളിൽനിന്നും കർഷകർക്ക് നൽകുന്നുണ്ട്. അത് എല്ലാമേഖലകളിലും കൊടുക്കുവാനും ഇതെല്ലാം ഒരുമിപ്പിച്ചുകൊണ്ട് മൃഗസംരക്ഷണ മേഖലയിൽ സബ്സിഡി കുറച്ചുകൂടി വർദ്ധിപ്പിച്ചുകൊണ്ടുവരാനുള്ള ശ്രമമാണ് നടത്തുന്നത്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ആധുനിക ചികിൽസ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കർഷകരുടെ വീട്ടുപടിക്കൽ ചികിൽസ നൽകാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്തുന്നുണ്ടോ, വിശദീകരിക്കാമോ.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, അതിനുവേണ്ടിയാണ് ഇരുപത്തിനാലു മണിക്കൂറും ഈ മേഖല പ്രവർത്തിക്കുന്നത്. രാത്രിയിലും പ്രവർത്തിക്കുന്ന വെറ്ററിനറി സെന്റർ മുഖേന എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഡോക്ടർമാരുടെ സേവനം ഉൾപ്പെടെ കൊടുക്കുകയാണ്. കേരളത്തിലെ 152 ബ്ലോക്കുകളിലും മൂന്ന് കോർപ്പറേഷനുകളിലും ഒരു മുനിസിപ്പാലിറ്റിയിലും വെറ്ററിനറി ആംബുലൻസ് കൊടുക്കുവാനുള്ള സംവിധാനത്തിലേക്ക്

വരികയാണ്. അതിന്റെ ആദ്യ പടിയെന്ന നിലയ്ക്ക് 29 ആംബുലൻസുകളുടെ ടെണ്ടർ നടപടിയിലേക്ക് നമ്മൾ എത്തിയിരിക്കുകയാണ്. ഈ വരാൻ പോകുന്ന വർഷങ്ങളിൽ മുഴുവൻ ബ്ലോക്കുകളിലും ആംബുലൻസ് സംവിധാനം കൊണ്ടുവന്നുകൊണ്ട് ഇരുപത്തിനാലുമണിക്കൂറും പ്രവർത്തിക്കുന്ന ഡോക്ടർമാരുടെ സേവനം നമ്മൾ ഉറപ്പുവരുത്തുകയാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, എന്റെ മണ്ഡലത്തിൽ വളവന്നൂരിലെ ആശുപത്രിയിൽ ഡോക്ടറില്ലാത്തതുകൊണ്ട് നാലുമാസമായി കർഷകർ വളരെയേറെ പ്രയാസത്തിലാണ്. ഒരു സർജനെയാണ് ആവശ്യം. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതുപോലെതന്നെ തിരൂർ താലൂക്കാശുപത്രിയാണ്, സ്ഥലപരിമിതി ഉള്ളതുകൊണ്ട് അവിടെ നായ്ക്കളെ പരിപാലിക്കുവാൻവേണ്ടി ഉപയോഗിക്കുന്ന കെട്ടിടത്തിലേക്ക് ഓഫീസ് മാറ്റി പ്രവർത്തിക്കേണ്ട ഗതികേടുണ്ടായിരിക്കുകയാണ്. ഇതിനൊക്കെ പരിഹാരമുണ്ടാക്കാൻ അടിയന്തര നടപടി ഉണ്ടാകുമോ?

ശ്രീമതി ചിഞ്ചുറാണി: സർ, ബഹുമാന്യനായ എം.എൽ.എ. പറഞ്ഞത് വളരെ ശരിയാണ്. ചില സ്ഥലങ്ങളിൽ ഡോക്ടർമാരെ നിയമിച്ച് കഴിയുമ്പോൾ അവർ ലീവിലും പ്രസവാവധിയിലുമൊക്കെ പോകുന്ന

അവസരങ്ങൾ പലപ്പോഴും നമ്മുടെ കേരളത്തിൽ കാണുന്നുണ്ട്. അതിനുപകരമുള്ള സംവിധാനങ്ങൾ നമ്മൾ ചെയ്യുന്നുണ്ട്. അടിയന്തരമായി ഡോക്ടറെ ആ പ്രദേശത്ത് നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, സഹകരണമേഖലയിലും ചാരിറ്റബിൾ സൊസൈറ്റികൾ വഴിയും വൻതോതിൽ ക്ഷീരോൽപ്പാദന വിതരണ സംവിധാനം കേരളത്തിൽ നന്നായി പ്രവർത്തിക്കുന്നുണ്ട്. കാലിത്തീറ്റയുടെയും പിണ്ണാക്ക്, തീറ്റപ്പുല്ല് എന്നിവയുടെയും വിലവർദ്ധനമൂലം പാലിന്റെ ഉൽപ്പാദനച്ചെലവ് വർദ്ധിക്കുന്ന സ്ഥിതിയാണ് ഈ സംഘങ്ങളൊക്കെ അനുഭവിക്കുന്നത്. സോളാർ പവറടക്കം സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികളും ഒപ്പം ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനുള്ള ആധുനിക സാങ്കേതിക സൗകര്യങ്ങളും ഈ സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നിലപാടുകൾ ഉണ്ടാകുമോ?

ശ്രീമതി ചിഞ്ചുറാണി: സർ, കാലിത്തീറ്റയുടെ വിലവർദ്ധന കുറച്ചുകൊണ്ടുവരാനുള്ള സംവിധാനം ചെയ്യുന്നുണ്ട്. അതോടൊപ്പം

അന്യസംസ്ഥാനത്തുനിന്നും ഏതുവിധത്തിലും അസംസ്കൃത സാധനങ്ങൾ കൊണ്ടുവരാനുള്ള നടപടിയിലേക്ക് നമ്മൾ പോകുകയാണ്. അതോടൊപ്പംതന്നെ കേരളത്തിൽ പച്ചപ്പുല്ല് വ്യാപകമായി വളർത്താൻവേണ്ടി കർഷകരോടും സംഘങ്ങളോടും അഭ്യർത്ഥിച്ചിട്ടുണ്ട്. കോട്ടയം ഉൾപ്പെടെയുള്ള പല ജില്ലകളും സന്ദർശിച്ചപ്പോൾ നാലും അഞ്ചും ഏക്കർ സ്ഥലം ഏറ്റെടുത്തുകൊണ്ട് പച്ചപ്പുല്ല് വളരെ വ്യാപകമായ നിലയിൽ അവർ കൃഷി ചെയ്യുന്നുണ്ട്. ഒരു ഏക്കറിൽ കൃഷി ചെയ്താൽ 16,000 രൂപ സബ്സിഡി ഉൾപ്പെടെ കൊടുത്തുകൊണ്ടാണ് ഇന്ന് പച്ചപ്പുല്ല് കൃഷി ചെയ്യിപ്പിക്കുന്നത്. അത് വ്യാപകമാക്കാനുള്ള പരമാവധി ശ്രമം നടത്തിക്കൊണ്ട് കേരള ഫീഡ്സിനെകൊണ്ട് അസംസ്കൃത സാധനങ്ങൾ കേരളത്തിൽത്തന്നെ ഉൽപ്പാദിപ്പിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. അതിനുള്ള തുടക്കമെന്ന നിലയിൽ ഇപ്പോൾ സൊയാബീൻസ് ആയാലും മറ്റ് അസംസ്കൃത സാധനങ്ങളായാലും കേരളത്തിൽ തന്നെ കൂടുതൽ കൃഷി ചെയ്യുന്നതിനായി കൃഷിവകുപ്പുമായി യോജിച്ചുള്ള പദ്ധതിയിലേയ്ക്കാണ് മുന്നോട്ടുപോകുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ

ക്ഷീരകർഷകർക്ക് സബ്സിഡി കൊടുക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. സബ്സിഡി കൊടുക്കുമ്പോൾ അതിൽ കിട്ടുന്ന ആനുകൂല്യം വിവിധ തട്ടുകളിൽ ജില്ലാ താലൂക്ക്, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് സമിതികൾക്ക് ഒരോ രൂപാവീതം കൊടുക്കുന്ന രീതിയിൽ വരുന്നതുകൊണ്ട് പൂർണ്ണമായ പ്രയോജനം കിട്ടുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചപോലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടെ ഗവൺമെന്റുകൂടി ഒരു ഇൻസെന്റീവ് വയ്ക്കാൻ തയ്യാറായാൽ നന്നായിരുന്നു. പാൽ വില കൂട്ടുമ്പോൾ സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് മുഴുവൻ ദോഷം വരികയാണ്. ക്ഷീര കർഷകർക്ക് വേണ്ടത്ര ഗുണം കിട്ടുന്നില്ല. ക്ഷീര കർഷകർക്ക് ഗുണം കിട്ടാനും പാൽ വില വർദ്ധനവിലൂടെ ഉപഭോക്താക്കൾക്ക് ദോഷം ഉണ്ടാകാതിരിക്കാനും കഴിയുന്ന വിധത്തിൽ ഗവൺമെന്റ് ഒരു ഇൻസെന്റീവ് കൂടി കൊടുത്തുകൊണ്ട് പത്തുരൂപയിലേക്ക് ഇൻസെന്റീവ് എത്തിക്കാൻ കഴിയുന്ന വിധത്തിൽ ഗവൺമെന്റിന്റെ ഒരു മുതൽ മുടക്ക്, ഏഴുരൂപ പറ്റിയില്ലെങ്കിൽ ആറോ അഞ്ചോ ആദ്യഘട്ടമെന്ന നിലയിൽ തുക കുറച്ചുവച്ചാലും ഒരു സംയുക്ത തുക കൊടുക്കാവുന്ന വിധത്തിലേയ്ക്ക് ഏകോപിപ്പിച്ച് കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അതോടൊപ്പം ....

മി. സ്പീക്കർ: ഒരു ചോദ്യം. ബഹുമാനപ്പെട്ട മന്ത്രി

ശ്രീ. മോൻസ് ജോസഫ്: സർ, ഇങ്ങനെയുള്ള കാര്യങ്ങൾ നടപ്പാക്കുമ്പോൾ... (മൈക്ക് ഓഫ്)

മി. സ്പീക്കർ: ഉപചോദ്യം ഒന്നാണ്. കഴിഞ്ഞദിവസവും പറഞ്ഞതാണ്. പ്രധാനപ്പെട്ട ഒരുപാട് കാര്യങ്ങളുണ്ടാകും. പക്ഷെ ഉപചോദ്യം ഒന്നേ ചോദിക്കാൻ പാടുള്ളൂ.

ശ്രീമതി ചിഞ്ചുറാണി: ഈ പറഞ്ഞത് ആലോചിക്കാവുന്ന കാര്യങ്ങളാണ്.

ശ്രീ. എച്ച്. സലാം: സർ, കന്നുകാലി പരിപാലനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അടിയന്തര ചികിത്സയ്ക്ക് ഏറ്റവും ഫലപ്രദമായ മൊബൈൽ ക്ലിനിക്കുകൾ വിപുലമാക്കാൻ ആവശ്യമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി ചിഞ്ചുറാണി: ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കാൻ പറ്റുന്ന നിലയിൽ കേരളത്തിലെ നൂറ്റിഅമ്പത്തിരണ്ട് ബ്ലോക്കുകളിലും ആംബുലൻസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, വടകര നിയോജക മണ്ഡലത്തിൽ

ഏകദേശം അറുപതു വർഷത്തിലധികം പഴക്കമുള്ള ഓടിട്ട കെട്ടിടത്തിലാണ് മൃഗാശുപത്രി പ്രവർത്തിക്കുന്നത്. തീരദേശ ഗ്രാമപഞ്ചായത്തായ ധാരാളം ക്ഷീരകർഷകരും മൃഗപരിപാലകരുമുള്ള ഒരു പഞ്ചായത്തിൽ ഞാൻ നേരത്തെ ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനവും ബഡ്ജറ്റ് പ്രോപ്പോസലും കൊടുത്തിരുന്നു. മറുപടി ലഭിച്ചിട്ടില്ല. ഇത് പുതുക്കി പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി ചിഞ്ചുറാണി: പരിശോധിച്ച് വേണ്ടുന്നത് ചെയ്യാം.

**വഖഫ് സ്വത്തുക്കളുടെ സംരക്ഷണം**

2(*122)ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. പി. ഉബൈദുള്ള:

ഡോ. എം. കെ. മുനീർ:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വഖഫ് സ്വത്തുക്കൾ സംരക്ഷിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ച് പിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) വഖഫ് ബോർഡിന് സർക്കാർ സഹായങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഗ്രാന്റ്-ഇൻ-എയ്ഡ് എന്തിനെല്ലാമാണ് വിനിയോഗിക്കുന്നത്; ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, (എ &ബി) സംസ്ഥാനത്ത് പല വഖഫ് വസ്തുക്കളും വലിയ തോതിൽ കയ്യേറ്റം/കൈമാറ്റം ചെയ്തുപ്പോയിട്ടുണ്ടെന്നതും അത് തിരിച്ചു പിടിക്കുവാൻ നാളിതുവരെ കഴിഞ്ഞിട്ടില്ലായെന്നതിന്റെയും വെളിച്ചത്തിൽ ഇത്തരത്തിൽ അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ തിരിച്ചു പിടിക്കുവാനും അനധികൃത കയ്യേറ്റം/കൈമാറ്റം തടഞ്ഞ് വഖഫ് വസ്തുക്കൾ സംരക്ഷിക്കുന്നതിലും വഖഫ് ബോർഡിനുവേണ്ടി ഫലപ്രദമായ മാർഗ്ഗങ്ങൾ അവലംബിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയും അതിനാവശ്യമായ നിർദ്ദേശങ്ങൾ വഖഫ് ബോർഡിനും ബന്ധപ്പെട്ടവർക്കും നൽകുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് 30-11-2021 തീയതിയിൽ ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും ചുവടെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

1. വഖഫ് ബോർഡിന്റെ കൈവശമുള്ള കേരളത്തിലെ 14 ജില്ലകളിലുമുള്ള വഖഫ് സ്വത്തുക്കളുടെ വിശദാംശങ്ങളടങ്ങുന്ന ലിസ്റ്റ് പൂർണ്ണമായും റവന്യൂ വകുപ്പിന് കൈമാറാൻ കേരള സ്റ്റേറ്റ് വഖഫ് ബോർഡിനോട് നടപടി സ്വീകരിക്കുവാൻ ഉത്തരവ് നൽകി.

2. അന്യാധീനപ്പെട്ട വഖഫ് വസ്തുക്കളും കൂടാതെ വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെടാത്ത വഖഫ് വസ്തുക്കളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് വഖഫ് ബോർഡിൽ റിപ്പോർട്ട് ചെയ്യുന്നതിലേയ്ക്കായി പൊതുജനങ്ങളിൽനിന്നും വിവരശേഖരണം നടത്തുന്നതിന് പത്രപരസ്യം കൊടുക്കുവാൻ തീരുമാനിച്ചു.

3. അനധികൃത കയ്യേറ്റം തടയുന്നതിനായി/ഒഴിപ്പിക്കുന്നതിനായി വേഗം കൈവരിക്കുന്നതിന് ബന്ധപ്പെട്ട വഖഫ് ചട്ടങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തുന്നതിനാവശ്യമായ കരട് ഭേദഗതി നിയമം സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകി.

4. വഖഫ് വസ്തുക്കളുടെ അനധികൃത കയ്യേറ്റങ്ങൾ തടയുന്നതിനായി ബഹു.റവന്യൂ വകുപ്പുമന്ത്രിയുടെയും ബഹു.വഖഫ് വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

5. അതത് വില്ലേജുകളിൽ തണ്ടപ്പേർ/BTR രജിസ്റ്ററിലെ റിമാർക്സ് കോളത്തിലും ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന ആപ്ലിക്കേഷനിലെ ബന്ധപ്പെട്ട ഫീൽഡിലും വഖഫ് ഭൂമി എന്ന് രേഖപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി.

6. IT Application for Waqf Land Management എന്ന ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകി. മേൽ തീരുമാനങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി മന്ത്രിതല സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു.കായിക വഖഫ് ഹജ്ജ് റെയിവേ പോസ്റ്റ് & ടെലിഗ്രാഫ് വകുപ്പുമന്ത്രി- ചെയർമാൻ, ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി- അംഗം, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ- അംഗം, പ്രിൻസിപ്പൽ സെക്രട്ടറി & വഖഫ് സർവ്വെ കമ്മീഷണർ- കൺവീനർ, ലാൻഡ് റവന്യൂ കമ്മീഷണർ- അംഗം, ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്- അംഗം. ടി സമിതി മൂന്ന്

മാസത്തിലൊരിക്കൽ യോഗം കൂടി ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവലോകനം ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വഖഫ് നിയമം 52 പ്രകാരം അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളും സെക്ഷൻ 54 പ്രകാരം അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും വഖഫ് ബോർഡ് സ്വീകരിച്ച് വരുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ വഖഫ് വസ്തുക്കളുടെ ഡിജിറ്റൽ സർവ്വെ (GIS Mapping) പദ്ധതിയുടെ ഭാഗമായി 45470 വസ്തുവകകളുടെ GIS ഏകോപനവും ഫോട്ടോശേഖരണവും ULCCS മുഖാന്തിരം നടത്തി ആയതിന്റെ വിവരങ്ങൾ കേന്ദ്രസർക്കാരിന്റെ WAMSI പോർട്ടലിൽ അപ് ലോഡ് ചെയ്തുകഴിഞ്ഞു. എന്നാൽ ആരാധനാലയങ്ങൾ, ഖബർ സ്ഥാനുകൾ എന്നിവയുമായി ചേർന്ന് വരാത്ത ഒറ്റപ്പെട്ട വഖഫ് വസ്തുക്കൾ കണ്ടെത്താനായി 1660-ഓളം വില്ലേജുകളിൽനിന്നും എഫ്.എം.ബി സ്കെച്ചുകൾ ലഭ്യമാക്കുന്നതിന്റെ സാധ്യതകളും പരിശോധിക്കുവാൻ നടപടിയായിട്ടുണ്ട്. കോഴിക്കോട് കുറ്റിക്കാട്ടൂർ ജമാഅത്ത് കമ്മിറ്റി പുതിയ യത്തീം ഖാന ആരംഭിക്കുന്നതിന് വേണ്ടി വാങ്ങിയ വഖഫ് വസ്തുക്കൾ അന്യാധീനപ്പെട്ടത്, കണ്ണൂർ തളിപ്പറമ്പ ജമാഅത്ത് വക കോടികളുടെ സ്വത്ത്

വകകൾ, ആലപ്പുഴ പാണാവള്ളി തെക്കും ഭാഗം മുഹിയുദ്ദീൻ പുത്തൻപള്ളി വക, എറണാകുളം മുഹമ്മദ് സിദ്ദീഖ് സേട്ട് വഖഫ് വക, മലപ്പുറം പാണ്ടിക്കടവത്ത്, മമ്പാട് ഓർഫനേജ്, നൂറുൽ ഇസ്ലാം മദ്രസ്സ കമ്മിറ്റി വക, അൻസാറുൽ ഇസ്ലാം മദ്രസ്സ കമ്മിറ്റി വക സ്വത്തുക്കൾ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരിച്ചുപിടിക്കാൻ നടപടി തുടങ്ങിയിട്ടുള്ള ചില ഉദാഹരണങ്ങളാണ്. കോഴിക്കോട് കുറ്റിക്കാട്ടൂർ വക വസ്തുക്കളുടെ രജിസ്ട്രേഷൻ നടപടികൾ ഉടമസ്ഥാവകാശം മാറ്റിക്കൊണ്ട് പൂർത്തിയായി കഴിഞ്ഞു.

(സി) വഖഫ് ബോർഡിന് സർക്കാർ സഹായങ്ങൾ നൽകുന്നുണ്ട്. കേരള സംസ്ഥാന വഖഫ് ബോർഡിന് സർക്കാർ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റും ബോർഡിന്റെ സാമൂഹ്യക്ഷേമ പദ്ധതിക്കായി സ്പെഷ്യൽ ഗ്രാന്റും അനുവദിക്കുന്നുണ്ട്. ഇതിൽ ഇത്തവണ മുഴുവൻ തുകയും വഖഫ് ബോർഡിന് നൽകിയിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ബോർഡിന്റെ ഭരണപരമായ ചെലവുകൾക്കും സ്പെഷ്യൽ ഗ്രാന്റ് സാമൂഹ്യക്ഷേമ പദ്ധതികൾക്കുമായാണ് വിനിയോഗിക്കുന്നത്. നടപ്പു സാമ്പത്തിക വർഷം അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതമായ 72 ലക്ഷം രൂപയും സാമൂഹ്യക്ഷേമ

പദ്ധതിക്കായുള്ള സ്പെഷ്യൽ ഗ്രാന്റ് ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതമായ 132 ലക്ഷം രൂപയിൽ 1 കോടി രൂപയും ഇതിനകം വഖഫ് ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ പദ്ധതിക്കായുള്ള സ്പെഷ്യൽ ഗ്രാന്റ് ഇനത്തിൽ അവശേഷിച്ച 32 ലക്ഷം അടിയന്തരമായി റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വഖഫ് ബോർഡ് വഴി നൽകിവരുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾ ചുവടെ ചേർക്കുന്നു:

60 വയസ് കഴിഞ്ഞ പള്ളി ഇമാം, മുദ്‌രിസ്, മദ്രസ്സാദ്ധ്യാപകർ, ഖാദിം എന്നിവർക്കുള്ള പ്രതിമാസ പെൻഷൻ, മാരക രോഗ ചികിൽസാസഹായം വിവാഹ ധനസഹായം, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇസ്ലാമിക് ചെയറിനുള്ള ഗ്രാന്റ്, അനാഥാലയങ്ങളിലെ പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വിവാഹമോചിതരായ സ്ത്രീകൾക്ക് ഗ്രാന്റ് എന്നീ സാമൂഹ്യ സുരക്ഷാ പദ്ധതികളാണ് വഖഫ് ബോർഡ് വഴി നടപ്പിലാക്കി വരുന്നത്. ഓരോ സാമ്പത്തിക വർഷവും അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ഇനത്തിലും സാമൂഹ്യ സുരക്ഷാ പദ്ധതിക്കായുള്ള സ്പെഷ്യൽ ഗ്രാന്റ് ഇനത്തിലുമുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് ധനസഹായങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നത്. പ്രസ്തുത ഗ്രാന്റ്

വർദ്ധിപ്പിക്കുന്ന കാര്യം ബഡ്ജറ്റ് ലഭ്യതയ്ക്ക് വിധേയമായി മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

ശ്രീ. യു. എ. ലത്തീഫ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, വഖഫ് സ്വത്തുക്കൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുംവേണ്ടിയുള്ള വഖഫ് ബോർഡിന്റെ നിയമനങ്ങൾ നമ്മുടെ സംസ്ഥാനത്ത് പി.എസ്.സി.-ക്ക് വിടുന്നൊരു പുതിയ നിയമം പാസ്സാക്കുകയും അതേതുടർന്ന് വലിയ പ്രതിഷേധങ്ങൾ ഉയർന്നുവന്നപ്പോൾ ഈ നിയമം പെട്ടെന്ന് നടപ്പാക്കില്ലെന്നും ബന്ധപ്പെട്ടവരുമായി ആലോചിക്കുമെന്നും പറഞ്ഞു. നിയമം പാസ്സായിരിക്കുകയാണ്. ഈ നിയമം പെട്ടെന്ന് നടപ്പാക്കില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതായി പത്രമാധ്യമങ്ങളിൽ കാണാൻ സാധിച്ചു. പി.എസ്.സി.-ക്ക് വിട്ട നടപടി തുടരില്ലെന്നൊക്കെ പറഞ്ഞു. എന്നാൽ പാസ്സാക്കിയ നിയമം റദ്ദുചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, വഖഫ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതുമായി ബന്ധപ്പെട്ട് ബിൽ പാസ്സാക്കുകയുണ്ടായി. അതുമായി

മുന്നോട്ടുപോകാൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്. അതോടൊപ്പംതന്നെ നിലവിലുള്ള ചില മതസംഘടനകൾ ഇതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. തീർച്ചയായും അവരുമായി സംസാരിച്ച് സാവധാനത്തിൽ ഇത് നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ടതാണ് രണ്ടാമത്തെ ചോദ്യം. ഇവിടെ സർക്കാർതന്നെ വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെടുത്താനായി ശ്രമിച്ച സംഭവമാണ് റിപ്പോർട്ട് ചെയ്യപ്പെട്ട് വരുന്നത്. കാസർഗോഡ് ബഹുമാനപ്പെട്ട സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുകോയ തങ്ങൾ പ്രസിഡന്റായ മലബാർ ഇസ്ലാമിക് കോംപ്ലക്സിന്റെ ഭൂമി ടാറ്റായുമായി ചേർന്ന് ഹോസ്പിറ്റൽ നടത്തുന്നതിനുവേണ്ടി സർക്കാർ നിർബന്ധപൂർവ്വം relinquishment form ഒപ്പിട്ടുവാങ്ങി ഏറ്റെടുക്കുകയുണ്ടായി. നാലര ഏക്കർ ഭൂമിയാണ്. (...ബഹളം...) ബഹളം വയ്ക്കരുത്...ഞാൻ മന്ത്രിയോടാണ് പറയുന്നത്.

<u>മി. സ്പീക്കർ</u>: അദ്ദേഹം ചോദ്യം ചോദിക്കട്ടേ. മന്ത്രി മറുപടി പറയുമല്ലോ.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പകരം ഭൂമി കൊടുക്കാമെന്നാണ് നാലര ഏക്കർ ഭൂമി ഏറ്റെടുക്കുമ്പോൾ പറഞ്ഞത്. ഇപ്പോൾ എം.ഐ.സി. -യുടെ ഭാരവാഹികളും ബഹുമാനപ്പെട്ട സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുകോയ തങ്ങൾ ഉൾപ്പെടെ പറയുന്നത് സർക്കാർ ആ കാര്യത്തിൽ വാക്ക് പാലിച്ചില്ലെന്നാണ്. ഇങ്ങനെ സർക്കാർതന്നെ വഖഫ് സ്വത്ത് അന്യാധീനപ്പെടുത്തുന്നത് ശരിയാണോ; ഈ വഖഫ് ഭൂമി തിരിച്ച് ബന്ധപ്പെട്ട കമ്മിറ്റിക്ക് കൊടുക്കുമോയെന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, കാസർഗോഡ് കോവിഡ് രൂക്ഷമായ അവസ്ഥയിൽ ടാറ്റയുമായി ചേർന്ന് ആശുപത്രി തുടങ്ങാൻ അടിയന്തരഘട്ടത്തിലാണ് ഭൂമി ഏറ്റെടുക്കേണ്ടി വന്നത്. അതുമായി ബന്ധപ്പെട്ട് പകരം ഭൂമി നൽകുന്നതിനുവേണ്ട നടപടികൾ വളരെ അടിയന്തരമായി സ്വീകരിച്ചുവരികയാണ്. മറ്റൊരു കാര്യം, സർക്കാർ വഖഫ് സ്വത്തുക്കളൊന്നും കയ്യേറ്റം ചെയ്തില്ല. പക്ഷെ കേരളത്തിൽ പച്ചയും ഉത്തർപ്രദേശിൽ കാവിയും ഉടുക്കുന്ന ചില സംഘടനകളാണ് കുറ്റിക്കാട്ടൂർ ഉൾപ്പെടെ തളിപ്പറമ്പ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കൈമാറിയതും ആ ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചതും. (...ബഹളം...)

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ചോദ്യത്തിന് ഉത്തരമല്ല ഇവിടെ പറഞ്ഞത്. നേരത്തെ വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള തീരുമാനം പുനഃപരിശോധിക്കുമെന്നാണ് ചില മതസംഘടനാ നേതാക്കന്മാർക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഉറപ്പ്. അത് പാലിക്കപ്പെടാൻ പോകുന്നില്ല. ഈ തീരുമാനവുമായി മുന്നോട്ടുപോകുമെന്നാണ് മന്ത്രി ഇവിടെ പറഞ്ഞത്. ഒരു കാര്യം ഞങ്ങൾ പറയട്ടേ, ഈ തീരുമാനം പിൻവലിക്കുന്നതുവരെയും അതിശക്തമായ പ്രക്ഷോഭവുമായി ഞങ്ങൾ മുന്നോട്ടുപോകുമെന്ന് അറിയിക്കാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തട്ടെ. ഞാൻ ചോദ്യത്തിലേയ്ക്ക് വരികയാണ്. വഖഫ് ബോർഡിന് പ്രതിവർഷം ചെലവാകുന്ന തുക 6 കോടി രൂപയാണ്. ഇതിന് ഗവൺമെന്റ് നൽകുന്നത് 70 ലക്ഷം രൂപ മാത്രമാണ്. 2003-ന് ശേഷം അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റിൽ യാതൊരു വർദ്ധനയുമുണ്ടായിട്ടില്ല. 6 കോടി രൂപ ആവശ്യമുള്ളിടത്ത് 70 ലക്ഷം രൂപയാണ് സർക്കാർ നൽകുന്നത്. അതുപോലെ വഖഫ് സ്ഥാപനം മുഖേന അപേക്ഷ നൽകുന്നവർക്ക് ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, ഖത്തീബ്-മുഅദിൻ പെൻഷൻ തുടങ്ങിയ സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക്

മന്ത്രിയുടെതന്നെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം 10 കോടി രൂപയാകും. ഒരു പൈസപോലും ഈ ഗവൺമെന്റ് കൊടുത്തില്ല. വഖഫ് ബോർഡിന്റെ ബാധ്യത തീർക്കാനാവശ്യമായ പണവും അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് വർദ്ധിപ്പിക്കാനുള്ള നടപടിയും സർക്കാർ സ്വീകരിക്കുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, വഖഫ് ബോർഡിന്റെ ഭരണപരമായ ചെലവുകൾക്ക് നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 72 ലക്ഷം രൂപയും സാമൂഹ്യ സുരക്ഷാ പദ്ധതിക്കുള്ള സ്പെഷ്യൽ ഗ്രാന്റിനത്തിൽ 132 കോടി രൂപയും വഖഫ് ബോർഡിന് കൈമാറിയിട്ടുണ്ട്. ഇനിയും കൂടുതൽ ഗ്രാന്റ് ആവശ്യം വന്നാൽ സർക്കാർ പരിഗണിക്കും, അക്കാര്യത്തിൽ സർക്കാരിന് ഒരു മടിയുമില്ല.

ഡോ. എം. കെ. മുനീർ: സർ, വഖഫ് ബോർഡ് നിയമനം സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡിന് വിടുന്നതിനെ സംബന്ധിച്ച അഭിപ്രായം എന്താണെന്ന് ചോദിച്ചുകൊണ്ട് അഞ്ച് ദിവസം മുമ്പ് ഗവൺമെന്റ് ഒരു കത്ത് വഖഫ് ബോർഡിന് നൽകി. അത് അവധാനപൂർവ്വം അയച്ചതല്ലാത്തതുകൊണ്ട് പിന്നീട് ആ കത്ത് പിൻവലിച്ചു.

അതിന്റെയർത്ഥം എന്താണ്; നിങ്ങൾ പലർക്കും കൊടുത്ത വാക്ക് ശരിയല്ല. കാരണം അഞ്ച് ദിവസം മുമ്പുള്ള അജണ്ടയിൽ അത് വന്നതാണ്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡിന് കൊടുക്കുന്നതിനെ സംബന്ധിച്ച് എന്താണ് അഭിപ്രായമെന്ന്. അതുകഴിഞ്ഞ് ഒറ്റ ദിവസംകൊണ്ട് ആ കത്ത് അറിയാതെ അയച്ചതാണ് അതുകൊണ്ട് ആ കത്ത് ഞങ്ങൾ പിൻവലിച്ചിരിക്കുന്നുവെന്ന് സർക്കാർ മാറ്റിപറഞ്ഞിരിക്കുന്നു. അത് ശരിയല്ലേ; എന്തിനാണ് അങ്ങനെ ചെയ്തതെന്നതിനെക്കുറിച്ച് ഗവൺമെന്റിന് എന്താണ് പറയാനുള്ളത്?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ഇത്തരത്തിൽ ഒരു കത്ത് അയച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അക്കാര്യം പരിശോധിക്കാം. മറ്റൊന്ന്, ഇക്കാര്യങ്ങളിൽ ഗവൺമെന്റിനെ സംബന്ധിച്ച് സുതാര്യമായ നിലപാടുതന്നെയാണുള്ളത്. അത് ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച ചെയ്യും. ഇതിനെ രാഷ്ട്രീയ മുതലെടുപ്പിലേയ്ക്ക് കൊണ്ടുപോകുന്നത് ശരിയല്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ടാറ്റ ആശുപത്രി നിർമ്മിച്ച സ്ഥലം മാത്രമല്ല മറ്റേതെങ്കിലും വഖഫ് സ്വത്ത് വിൽക്കാനോ കൈമാറാനോ നിയമപരമായി അനുവദനീയമാണോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിലവിൽ സർക്കാർ ഏറ്റെടുത്ത ഭൂമിയെ സംബന്ധിച്ച് പറഞ്ഞുകഴിഞ്ഞതാണ്. വഖഫ് സ്വത്തുക്കളുടെ കാര്യത്തിൽ, ഏകദേശം നാല്പത്തയ്യായിരത്തോളം ഭൂമിയാണ് മാപ്പിംഗ് പ്രകാരം നിലവിൽ കണ്ടെത്തിയിട്ടുള്ളത്. ഇനിയും ധാരാളം ഭൂമി പല സ്ഥലങ്ങളിലായുണ്ട്. എന്നാൽ സർക്കാർ ഈ ഭൂമിയല്ലാതെ മറ്റൊരു ഭൂമിയും വഖഫ് ബോർഡിൽനിന്നും എടുത്തിട്ടില്ല.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, അന്യാധീനപ്പെട്ട വഖഫ് ഭൂമിയും സ്വത്തും സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സർക്കാർ തലത്തിൽ ഉന്നത സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; സമിതി അംഗങ്ങൾ ആരെല്ലാമാണ്; സമിതിയുടെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇതുമായി ബന്ധപ്പെട്ട ഉത്തരം ഞാൻ നേരത്തേ പറഞ്ഞതാണ്. ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി, റവന്യൂ ബോർഡിലെ പ്രിൻസിപ്പൽ സെക്രട്ടറി, സർവ്വെ കമ്മീഷണർ ഉൾപ്പെടെയുള്ള ഏഴംഗ സമിതിയെയാണ് നിയോഗിച്ചിട്ടുള്ളത്. ഈ സമിതി മൂന്നുമാസം

കൂട്ടുമ്പോൾ ഇത്തരം കാര്യങ്ങൾ പരിശോധിക്കും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബഡ്ജറ്റ് വിഹിതം 132 കോടിയല്ല, 132 ലക്ഷം രൂപ മാത്രമാണ്. അങ്ങ് മറുപടിയിൽ 132 കോടിയാണെന്നാണ് പറഞ്ഞത്. എന്റെ ചോദ്യം, ദേവപ്രീതിക്കുവേണ്ടി വ്യക്തികൾ സംഭാവന ചെയ്ത സ്വത്തുക്കളാണ് വഖഫ് ബോർഡിന് കീഴിൽ നിലവിലുള്ളത്. ഈ സ്വത്തുക്കളുടെ വാല്യുവേഷൻ അടുത്തകാലത്ത് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് നടത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഞാൻ 132 കോടി രൂപ എന്നുപറഞ്ഞത് മാറിപ്പോയതാണ്. അത് 1.32 കോടി രൂപയാണ്. മറ്റൊരു കാര്യം, നിലവിൽ സർവ്വെ നടക്കുകയാണ്. നാൽപ്പത്തയ്യായിരത്തോളം സ്വത്തുക്കളുടെ വിവരങ്ങളാണ് ലഭിച്ചിട്ടുള്ളത്. അത് പൂർണ്ണമല്ലെന്ന അഭിപ്രായം നിലനിൽക്കുന്നുണ്ട്. മുഴുവൻ സ്വത്തുവകകളും കണ്ടെത്തിയതിനുശേഷം അതിന്റെ വാല്യു നിശ്ചയിക്കാനാണ് നിലവിൽ തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. കെ. വി. സുമേഷ്: സർ, വളപ്പട്ടണം ഗ്രാമപഞ്ചായത്ത് വളരെ

പരിമിതമായ സ്ഥലമുള്ള ഗ്രാമപഞ്ചായത്താണ്. ആ പഞ്ചായത്തിന്റെ ഭരണസമിതിയും എം.എൽ.എ. എന്ന നിലയിൽ ഞാനും ബഹുമാനപ്പെട്ട മന്ത്രിയെ കണ്ടിരുന്നു. കുടിവെള്ള പ്രശ്നം വളരെ രൂക്ഷമായി അഭിമുഖീകരിക്കുന്ന ഒരു പഞ്ചായത്താണിത്. അവിടെ വഖഫ് ബോർഡിന്റെ കീഴിലുള്ള രണ്ടര ഏക്കർ സ്ഥലമുണ്ട്. ജലജീവൻ മിഷന്റെ കുടിവെള്ള പദ്ധതിക്ക് അവിടെനിന്നും പത്ത് സെന്റ് സ്ഥലം പഞ്ചായത്തിന് വിട്ടുനൽകാൻ സാധിക്കുമോയെന്ന് ആരാഞ്ഞുകൊണ്ട് പഞ്ചായത്ത് ഭരണസമിതി അങ്ങേയ്ക്ക് കത്ത് നൽകിയിരുന്നു. പൊതുജന താൽപ്പര്യം മുൻനിർത്തി ടാങ്ക് നിർമ്മിക്കുന്നതിനായി ടി സ്ഥലം ലീസിനെങ്കിലും നൽകാൻ സാധിക്കുമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, വഖഫ് സ്വത്തുക്കൾ പൂർണ്ണമായും കൈമാറ്റം ചെയ്യുന്നതിന് ചില തടസ്സങ്ങളുണ്ട്. എങ്കിൽക്കൂടിയും പൊതുതാൽപ്പര്യം മുൻനിർത്തി ....(ബഹളം)....... നിങ്ങളല്ലല്ലോ തീരുമാനിക്കേണ്ടത്, ഇവിടെ രേഖകളുടെയും നിയമത്തിന്റെയും അടിസ്ഥാനത്തിലാണ് കാര്യങ്ങൾ പറയുന്നത്. ....... (ബഹളം).......

ഇതുമായി ബന്ധപ്പെട്ട്.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കൂ. മന്ത്രി ചെയറിനോടാണ് സംസാരിക്കേണ്ടത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, പൊതു ആവശ്യങ്ങൾക്ക് വഖഫ് ഭൂമി കൈമാറ്റം ചെയ്യാൻ സാധിക്കുകയില്ലെന്നാണ് ഞാൻ പറഞ്ഞത്. അങ്ങ് കേട്ടതിൽ എന്തെങ്കിലും പിശകുണ്ടായിട്ടുണ്ടെങ്കിൽ അത് മുൻധാരണയോടുകൂടി അതിനെ കാണുന്നതുകൊണ്ടുള്ള ചെറിയ പ്രശ്നമാണ്. ബന്ധപ്പെട്ട കത്തിന്റെ അടിസ്ഥാനത്തിൽ പൊതു ആവശ്യത്തിന് അതായത് കുടിവെള്ളംപോലുള്ള കാര്യങ്ങൾക്ക് ഭൂമി എങ്ങനെ നൽകാൻ സാധിക്കുമെന്നുള്ള കാര്യം പരിശോധിച്ചുവരികയാണ്, അത് ചെയ്യും. അതിന് ദയവുചെയ്ത് മുസ്ലീം ലീഗിന്റെ സപ്പോർട്ട് ഇക്കാര്യത്തിൽ വഖഫ് ബോർഡിന് വേണ്ട. ....(ബഹളം).........

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരുകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ....(ബഹളം)......

മി. സ്പീക്കർ: എല്ലാവരും സീറ്റിൽ ഇരിക്കണം. ഇരിക്കു....... ഇരിക്കു.... ........(ബഹളം)...... അംഗങ്ങൾ സീറ്റിൽ ഇരുന്നതിനുശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സംസാരിക്കാൻ അവസരം നൽകാം. ദയവായി അംഗങ്ങൾ സീറ്റിൽ ഇരിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മന്ത്രിമാർ എങ്ങനെ മറുപടി പറയണമെന്ന് അങ്ങേയ്ക്ക് നിർദ്ദേശിക്കാൻ കഴിയില്ല. ഞങ്ങൾ അത് മനസ്സിലാക്കുന്നു. ....... (ബഹളം)....

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറഞ്ഞതിൽ ഇത്രയും അസ്വസ്ഥത കാണിക്കുന്നത് എന്തിനാണ്. ഞാൻ പറഞ്ഞത് സത്യമല്ലേ; അങ്ങ് പറയാൻ പോകുന്ന കാര്യമാണ് ഞാൻ പറഞ്ഞത്. ഒരു മന്ത്രി എങ്ങനെ മറുപടി പറയണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർക്ക് പറയാൻ കഴിയില്ല. അങ്ങേയ്ക്ക് പരിമിതികളുണ്ട്. എന്നാൽ ചോദ്യത്തരവേളയെ

സംബന്ധിച്ച് നിയമസഭയിൽ ചില കീഴ്വഴക്കങ്ങളുണ്ട്. ചോദ്യോത്തരവേളയിൽ മറുപടി പറയുന്ന മന്ത്രിമാർ കുറച്ചുകൂടി ശ്രദ്ധിച്ചും പ്രകോപനപരമല്ലാത്തതുമായ രീതിയിൽ സംസാരിക്കണം. ചോദ്യോത്തരവേള നാട്ടിലെ ജനങ്ങളുടെ പ്രശ്നങ്ങളും വൈവിധ്യമാർന്ന മറ്റ് പ്രശ്നങ്ങളും ഗവൺമെന്റിന്റെ ഫോക്കസിൽ കൊണ്ടുവരുന്നതിനും ചർച്ച ചെയ്യുന്നതിനുംവേണ്ടി നടത്തുന്ന ഒരു പ്രക്രിയയാണ്. അതിനകത്ത് അനാവശ്യമായ രാഷ്ട്രീയം കലർത്തി, ചോദ്യത്തെ സംബന്ധിച്ച് റൂൾസ് ഓഫ് പ്രൊസീജ്യറിൽ വളരെ കൃത്യമായി പറയുന്നുണ്ട്. അത് ചോദ്യത്തിനും ഉത്തരത്തിനും ബാധകമാണ്. അക്കാര്യത്തിൽ അങ്ങ് പ്രത്യേക ശ്രദ്ധചെലുത്തണം. പ്രകോപനപരമായ രീതിയിൽ മന്ത്രിമാർ മറുപടി പറയുന്നത് ഒഴിവാക്കണം.

**മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ കൈക്കൂലി വിവാദം**

3 (*123) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ പരീക്ഷ ജയിച്ച

എം.ബി.എ. വിദ്യാർത്ഥിനിക്ക് മാർക്ക് ലിസ്റ്റ് ലഭ്യമാക്കാൻ ഒന്നര ലക്ഷം രൂപ കൈക്കൂലി നൽകേണ്ട സാഹചര്യമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഭവത്തിലെ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) പരീക്ഷ പാസായവർക്ക് മാർക്ക് ലിസ്റ്റ് കിട്ടണമെങ്കിൽ കൈക്കൂലി കൊടുക്കണമെന്ന അവസ്ഥയിലേയ്ക്ക് സർവ്വകലാശാലകൾ മാറിയതായുള്ള ആക്ഷേപത്തിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇത്തവണത്തെ എം.ബി.എ. ഫലത്തിലെ അപാകതകൾ മുതലെടുത്താണ് ഉദ്യോഗസ്ഥ തട്ടിപ്പ് നടത്തിയതെന്ന് പ്രാഥമിക അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ; പരീക്ഷാ ഫലങ്ങൾ കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) സമാന സംഭവങ്ങൾ തടയാനും മാർക്ക് ലിസ്റ്റ് വിതരണമടക്കമുള്ള സേവനങ്ങൾ പൂർണ്ണമായും സുതാര്യമാക്കാനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>):

സർ, (എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി സർവകലാശാലയിലെ എം.ബി.എ. മേഴ്സി ചാൻസ് പരീക്ഷ എഴുതിയതും സ്വാഭാവികമായിത്തന്നെ വിജയിക്കുകയും ചെയ്ത വിദ്യാർത്ഥിനിയെ പരീക്ഷ വിജയിപ്പിച്ച് നൽകാമെന്ന് പറഞ്ഞ്, അതിനായി സർവ്വകലാശാലയിലെ ടി സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശ്രീമതി എൽസി സി. ജെ. പണം ആവശ്യപ്പെട്ട് കൈപ്പറ്റിയതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വിജിലൻസ് അഴിമതി വിരുദ്ധ വിഭാഗം ടി ജീവനക്കാരിയെ അറസ്റ്റ് ചെയ്യുകയുണ്ടായി. ഇതിനെത്തുടർന്ന് ടി ജീവനക്കാരിയെയും ബന്ധപ്പെട്ട സെക്ഷൻ ഓഫീസറെയും അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ഈ സംഭവത്തെക്കുറിച്ച് സിൻഡിക്കേറ്റ് സമിതി വിശദമായി അന്വേഷണം നടത്തുകയും ചെയ്തു. പ്രസ്തുത അന്വേഷണത്തിൽ ടി ജീവനക്കാരിയിൽനിന്നും മാത്രമുണ്ടായ ഒറ്റപ്പെട്ട സംഭവം മാത്രമാണിതെന്നും സർവ്വകലാശാലയിലെ മറ്റുജീവനക്കാർക്കോ ഉദ്യോഗസ്ഥർക്കോ ഇതിൽ പങ്കില്ലെന്നും ബോധ്യമായിട്ടുണ്ട്. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ആരോപണ വിധേയയായ ഉദ്യോഗസ്ഥയ്ക്കെതിരെ വകുപ്പുതല അന്വേഷണങ്ങൾ നടത്തി

നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ വിഷയത്തിന്മേൽ ടി ഉദ്യോഗസ്ഥയ്ക്കെതിരെ സർവ്വകലാശാലാ നിയമപ്രകാരമുള്ള ശിക്ഷാ നടപടികൾ എത്രയുംവേഗം സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സർവ്വകലാശാലയിൽ മാർക്ക് ലിസ്റ്റ് ലഭിക്കുന്നതിന് കൈക്കൂലി നൽകണമെന്ന അവസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇപ്പോഴുണ്ടായ ഒറ്റപ്പെട്ട സംഭവത്തിൽ വിജിലൻസ് അന്വേഷണത്തിനുപുറമെ വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി&ഇ) എം.ബി.എ. ഫലത്തിൽ സ്വാഭാവികമായി അപാകതകൾ ഉണ്ടായിരുന്നില്ല. ഒരു ഉദ്യോഗസ്ഥയുടെ ഒറ്റപ്പെട്ട തെറ്റായ പ്രവൃത്തിയാണ് ചില വിദ്യാർത്ഥികളുടെ പരീക്ഷാ ഫലത്തിൽ ക്രമക്കേട് ഉണ്ടാകാൻ ഇടയാക്കിയതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഈ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുമുണ്ടായ തെറ്റായ പ്രവൃത്തിയെ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. ടി ഉദ്യോഗസ്ഥയ്ക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരികയാണ്. അതോടൊപ്പം വിദ്യാർത്ഥികൾക്ക് അവരുടെ പരാതികളും അപേക്ഷകളും സമർപ്പിക്കുന്നതിനും ആയവ

സുതാര്യമായി കൈകാര്യം ചെയ്യുന്നതിനുമായി സർവ്വകലാശാലാ തലത്തിൽ ഒരു ഓൺലൈൻ പരാതി പരിഹാര പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. മാത്രമല്ല വിദ്യാർത്ഥികൾക്ക് നേരിട്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെട്ട രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. സമഗ്രമായ പരീക്ഷാ പരിഷ്കരണ നടപടികൾ സർക്കാർ പരിഗണിച്ചുവരികയാണ്. അതുമാത്രമല്ല, അടുത്ത വർഷം മുതൽ അഡ്മിഷൻ മുതൽ ഡിഗ്രി സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതുവരെയുള്ള പ്രക്രിയകൾ കുട്ടികൾക്ക് ഏറ്റവും സുതാര്യമായ നിലയിൽ ലഭ്യമാക്കാൻ കഴിയുന്ന വിധത്തിലുള്ള സംവിധാനവും ആലോചിക്കുന്നുണ്ട്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, എം. ജി. സർവ്വകലാശാലയിൽ ഒരു അദാലത്തിലൂടെ 123 പേർക്ക് ഗ്രേസ് മാർക്ക് നൽകി പസ്സാക്കിയ സംഭവം നേരത്തെയുണ്ടായിരുന്നു. ആ തീരുമാനം പിന്നീട് സിൻഡിക്കേറ്റ് റദ്ദാക്കിയിരുന്നു. സിൻഡിക്കേറ്റ് തീരുമാനത്തിനെതിരെ കുട്ടികൾ ബഹുമാനപ്പെട്ട കോടതിയെ സമീപിക്കുകയും അവർക്ക് അനുകൂലമായി വിധി വരികയും ചെയ്തു. ഇതിനെതിരെ അപ്പീൽ നൽകാൻ ഇതുവരെ യൂണിവേഴ്സിറ്റി തീരുമാനിച്ചിട്ടില്ല. ചട്ടപ്രകാരമല്ലാത്തൊരു കാര്യത്തിൽ യൂണിവേഴ്സിറ്റി

സ്വീകരിക്കേണ്ടതായ നിയമ നടപടി എം.ജി. യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടില്ല. കേരള സർവ്വകലാശാലയിൽ 23 പേരെ ഇതുപോലെ ചട്ടവിരുദ്ധമായി പാസ്സാക്കിയിരുന്നു. അവർ പ്രൊവിഷണൽ സർട്ടിഫിക്കറ്റുമായി നടക്കുകയാണ്. ഇത് ന്യായീകരിക്കാനായി സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്താൻ ആലോചന നടത്തുകയും ബഹുമാനപ്പെട്ട ഗവർണ്ണർ അത് തടയുകയും ചെയ്തു. സർവ്വകലാശാലകൾ ചട്ടവിധേയമായി നടത്തുമെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, കേരളത്തിലെ സർവ്വകലാശാലാ ജീവനക്കാർ വളരെ ആത്മാർത്ഥമായും കഠിന പരിശ്രമം നടത്തിയും പ്രവൃത്തി ചെയ്തുപോരുന്നവരാണ്. ഒന്നോ രണ്ടോ അപവാദങ്ങളുണ്ടായതിന്റെ പേരിൽ അവരെ അടച്ചാക്ഷേപിക്കുന്ന രീതി സ്വീകാര്യമല്ല. ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിൽ സർവ്വകലാശാലകൾ കൃത്യമായ നടപടി സ്വീകരിച്ച് മുന്നോട്ട് പോകുന്നുണ്ടെന്നാണ് ബോദ്ധ്യപ്പെട്ടിട്ടുള്ളത്. അത് കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കാം. കേരളത്തിലെ സർവ്വകലാശാലകളിലെ പരീക്ഷകൾ നടത്തുന്നതിലും റിസൾട്ട് പ്രഖ്യാപിക്കുന്ന കാര്യത്തിലുമെല്ലാം ജീവനക്കാരുടെ ഭാഗത്തുനിന്ന് വളരെ ആത്മാർത്ഥമായ പ്രവർത്തനമാണ്

കണ്ടുവരുന്നത്. ഒറ്റപ്പെട്ട സംഭവങ്ങൾ ചൂണ്ടിക്കാട്ടി സർവ്വകലാശാലകളെയാകെ കരിവാരിത്തേയ്ക്കാനുള്ള പരിശ്രമങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ പങ്കുചേരരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ചട്ടവിരുദ്ധമായി അഴിമതി നടത്തിയെന്നാരോപിക്കപ്പെട്ട് വിജിലൻസ് അറസ്റ്റ് ചെയ്ത ഉദ്യോഗസ്ഥയ്ക്ക് പ്രൊമോഷൻ നൽകിയ സിൻഡിക്കേറ്റ് നടപടി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്?

ഡോ. ആർ. ബിന്ദു: സർ, ആരോപണ വിധേയയായ ഉദ്യോഗസ്ഥയുൾപ്പടെയുള്ള സർവ്വകലാശാലയിലെ എല്ലാ ഉദ്യോഗസ്ഥരുടെയും പ്രൊമോഷൻ നടത്തിയതുസംബന്ധിച്ച കാര്യങ്ങൾ വിശദമായി പരിശോധിച്ചിട്ടുണ്ട്. സർവ്വകലാശാലാ നിയമനങ്ങൾക്ക് വിധേയമായാണ് ഈ പ്രൊമോഷനുകൾ നൽകപ്പെട്ടത്. ഇത് കുറ്റം ചെയ്ത സാഹചര്യത്തിലല്ലെന്ന് ഞാൻ അടിവരയിട്ട് സൂചിപ്പിക്കുകയാണ്. കേൾക്കുന്നവർ തെറ്റിദ്ധരിക്കുമല്ലോ? കുറ്റം തെളിയിക്കപ്പെട്ട സാഹചര്യത്തിൽ പഴുതുകളടച്ച് നടപടി സ്വീകരിക്കണമെന്നുള്ളതുകൊണ്ടാണ് അന്വേഷണ

നടപടിപ്രക്രിയകളിലൂടെ പൊയ്ക്കൊണ്ടിരിക്കുന്നത്. വിവരം ലഭിച്ചയുടൻതന്നെ ടി ഉദ്യോഗസ്ഥയെ സസ്പെൻഡ് ചെയ്യുകയും മാതൃകാപരമായി കർശന നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, ഡിഗ്രി പരീക്ഷകൾ പാസ്സായി ഒരു വർഷം കഴിഞ്ഞാണ് ഒറിജിനൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നത്. ആറ് മാസത്തേയ്ക്ക് പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. ഇന്ത്യയിൽ എത്രയോ യൂണിവേഴ്സിറ്റികൾ ഓൺലൈൻ മുഖേന ഫീസടയ്ക്കുമ്പോൾ രജിസ്റ്റേർഡായി സർട്ടിഫിക്കറ്റ് വീട്ടിലെത്തിക്കുന്നുണ്ട്. എന്നാൽ കേരളത്തിൽ മാത്രം ഒറിജിനൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഒരു വർഷത്തോളം കാലതാമസമെടുക്കുന്നു. കുട്ടികൾ നിരന്തരമായി യൂണിവേഴ്സിറ്റികളിൽ കയറിയിറങ്ങി അവരുടെ ചെരുപ്പ് തേയുന്നതല്ലാതെ കൃത്യസമയത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. ഇത്രയധികം വിവരസങ്കേതികവിദ്യയുള്ള ഈ നാട്ടിൽ ഡിഗ്രി സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കാനുള്ള സാഹചര്യമില്ല. ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുമോ; യഥാസമയം സർട്ടിഫിക്കറ്റ് നൽകി ഉന്നത വിദ്യാഭ്യാസത്തിനും മറ്റുമുള്ള

സാഹചര്യമൊരുക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ഡിഗ്രി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിന് കൃത്യമായ നടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഡിജി ലോക്കർ സംവിധാനത്തിലൂടെ കുട്ടികൾക്ക് സ്വയം ഡൗൺലോഡ് ചെയ്യാവുന്ന വിധത്തിൽ ഡിഗ്രി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്ന പ്രക്രിയ KTU ആരംഭിച്ചിട്ടുണ്ട്. എല്ലാ സർവ്വകലാശാലകളിലേയ്ക്കും അത് വ്യാപിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എം.ജി. സർവ്വകലാശാലയിൽ ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് 2020-ൽ നടന്ന ധനകാര്യ പരിശോധനയിൽ, വളരെ വ്യക്തമായി ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞു. ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട പരിശോധനകളിൽ സർവ്വകലാശാലാ ചട്ടങ്ങൾക്ക് വിധേയമായി സ്ഥാനക്കയറ്റം നടത്തിയതായാണ് പ്രഥമാ ദൃഷ്ടിയാൽ കണ്ടിട്ടുള്ളത്. കൂടുതൽ

പരിശോധന ആവശ്യമാണെങ്കിൽ ചെയ്യാവുന്നതാണ്.

ശ്രീ. എ. പി. അനിൽകുമാർ: സർ, യൂണിവേഴ്സിറ്റികളിൽ സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ്, പരീക്ഷാ ഫലം എന്നിവയെല്ലാം വൈകുന്നുവെന്നുള്ളത് നിരന്തരം കേൾക്കാറുണ്ട്. അതിനെല്ലാം നടപടി സ്വീകരിക്കുമെന്ന് ഇവിടെ പറഞ്ഞു. അതിനെ കുറച്ചുകൂടി ശക്തിപ്പെടുത്തുന്നതിനായി യൂണിവേഴ്സിറ്റികളിൽ സേവന അവകാശ നിയമം നടപ്പാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, യൂണിവേഴ്സിറ്റികളുടെ പരീക്ഷാ പരിഷ്കരണത്തിനായി ഒരു കമ്മീഷനെ ഇതിനോടകം നിയോഗിക്കുകയും ആ കമ്മീഷൻ അതിന്റെ ഇന്ററിം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ വളരെ ലഘൂകരിച്ച രീതിയിൽ പരീക്ഷകളുടെ സമ്മർദ്ദം കുട്ടികൾക്കും യൂണിവേഴ്സിറ്റിക്കും കുറയ്ക്കാവുന്ന രീതിയിലുള്ള നല്ല നിർദ്ദേശങ്ങളുണ്ട്. വരുന്ന അക്കാദമിക വർഷത്തോടെ അത് നടപ്പാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, യൂണിവേഴ്സിറ്റികൾ വളരെ നിരുത്തരവാദപരമായ നിലപാടുകളാണ് സ്വീകരിക്കുന്നതെന്ന് ഇവിടെ

സൂചിപ്പിച്ചു. KTU-യിൽ ഓൺലൈനായി സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് ഇവിടെ പറയുകയുണ്ടായി. കോഴിക്കോട് സർവ്വകലാശാലയിൽ ആയിരക്കണക്കിന് കുട്ടികൾ സർട്ടിഫിക്കറ്റുകൾ ലഭിക്കാതെ പ്രയാസപ്പെടുന്നുണ്ട്. അതുകൊണ്ട് അവിടെയും ഓൺലൈൻ സർട്ടിഫിക്കറ്റ് സമ്പ്രദായം പ്രാബല്യത്തിലാക്കിയാൽ നന്നായിരുന്നു. എന്റെ ചോദ്യം, കോഴിക്കോട് സർവ്വകലാശാലയിൽ ദിവസങ്ങൾക്ക് മുമ്പ് നടത്തിയ പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ നിയമനങ്ങളിൽ, സാധാരണഗതിയിൽ ഒരു നിയമനം നടത്തുമ്പോൾ അതിന്റെ ആധികാരികവും പ്രാഥമികവുമായുള്ള രേഖയാണ് സംവരണവുമായി ബന്ധപ്പെട്ട റൊട്ടേഷൻ ചാർട്ട്. ആ റൊട്ടേഷൻ ചാർട്ട് സിൻഡിക്കേറ്റ് മെമ്പർമാർക്കുപോലും നൽകാതെയാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇത്തരം നിയമനങ്ങളുമായി ബന്ധപ്പെട്ട നടപടികളുമായി മുന്നോട്ട് പോകുന്നത്. സിൻഡിക്കേറ്റ് മെമ്പർമാർതന്നെ റൊട്ടേഷൻ ചാർട്ട് ലഭിച്ചിട്ടില്ലെന്ന് പരാതി പറയുന്നു. അതുകൊണ്ട് അക്കാര്യം പരിശോധിച്ച് ടി നിയമനങ്ങൾ തെറ്റാണെങ്കിൽ അത് നിർത്തിവയ്ക്കാനും സിൻഡിക്കേറ്റ് മെമ്പർമാരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് അത് നടപ്പിലാക്കാനുമുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, ആദ്യം പറഞ്ഞ ഭാഗത്ത് KTU അത് നടപ്പിലാക്കിക്കഴിഞ്ഞതാണ്. അത് മറ്റ് സർവ്വകലാശാലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ നിയമനങ്ങളെ സംബന്ധിച്ച് വിശദമായ പരിശോധന ആവശ്യമാണ്. അത് ഇന്നത്തെ ചോദ്യവുമായി നേരിട്ട് ബന്ധപ്പെട്ട കാര്യമല്ല. അക്കാര്യം പരിശോധിച്ച് മറുപടി നൽകാം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ ചോദ്യത്തിന് അങ്ങേയ്ക്ക് അറിയാവുന്ന ഉത്തരങ്ങളൊക്കെ പറഞ്ഞു. വളരെ ഗൗരവതരമായ ചില കാര്യങ്ങൾ അവിടെ നടക്കുന്നുണ്ട്. സമയത്ത് പരീക്ഷ നടത്തുന്നില്ല, റിസൾട്ട് പ്രഖ്യാപിക്കുന്നില്ല, കുട്ടികൾ പലയിടങ്ങളിൽനിന്ന് ഞങ്ങളെയും വിളിക്കുകയാണ്. അവരെല്ലാം നിരാശ്രയരായി നിൽക്കുകയാണ്. നമ്മൾ ഡിജിറ്റൽ യുഗത്തിലേയ്ക്കാണ് പോകുന്നത്. കൈക്കൂലി ഡിജിറ്റലാക്കിയ ആദ്യത്തെ സംഭവമാണിത്. ഇത് മഹാത്മാഗാന്ധി സർവ്വകലാശാലയിലാണെന്ന് നാം ആലോചിക്കണം. ഗാന്ധിജിയുടെ പേരിലുള്ള കേരളത്തിലെ ഏക സർവ്വകലാശാലയിൽ ഇങ്ങനെ ഡിജിറ്റലായി കൈക്കൂലി വാങ്ങിച്ചവരെ കൈയോടെ പിടിച്ചോ; ഒരൊറ്റ

വാക്ക് മതി. ഇത് വളരെ സീരിയസായ വിഷയമായതിനാലാണ് ഞാനിത് പറയുന്നത്. ഇക്കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, ഞങ്ങൾ അതിന്റെ പടിക്കൽ എത്രയോ പ്രാവശ്യം ചെന്നു. ഞങ്ങൾ അവരോട് അപേക്ഷിക്കുകയും അഭ്യർത്ഥിക്കുകയുമെല്ലാം ചെയ്തു. പക്ഷേ പെരുമാറ്റത്തിൽ മാത്രം ഒരു മാറ്റവുമുണ്ടാകുന്നില്ല. അങ്ങ് ഇവിടെ ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ ഫയൽ കണ്ടുവെന്നതിന്റെ സൂചന തന്നുകൊണ്ട് സംസാരിച്ചു. ആ ഫയലിൽ പറയുന്നത്, അനധികൃതമായി പ്രൊമോഷൻ കൊടുത്ത ആളുകളുടെ കൈയിൽനിന്ന് ശമ്പളം തിരിച്ച് വാങ്ങണമെന്നാണ്. അങ്ങേയ്ക്ക് വേണമെങ്കിൽ വീണ്ടും ഫയൽ പരിശോധിക്കാം. ഇതിന് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ; ഇതെല്ലാം ഇവർ ചെയ്യുന്ന പ്രവർത്തനത്തിന് വളം വച്ചുകൊടുക്കലാണ്. ഒറ്റപ്പെട്ട സംഭവമാണെങ്കിൽ ഓരോ ദിവസവും പത്തും നൂറും ഒറ്റപ്പെട്ട സംഭവങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. ദയവായി ഇത് ഒറ്റപ്പെട്ട സംഭവമാക്കരുത്. ഗാന്ധിജിയുടെ പേരിലുള്ള ഒറ്റപ്പെട്ട ഒരു സംഭവമായിരിക്കും. ഇത് നിയന്ത്രിക്കുന്നതിനുവേണ്ടി എന്ത് നടപടി ഇതുവരെ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുപോലെ നൂറും നൂറ്റിയമ്പതുമൊന്നും ആവർത്തിക്കപ്പെടുന്നില്ല. അത് ഒറ്റപ്പെട്ട സംഭവമായാണ് കാണാൻ കഴിയുന്നത്. ഏത് വിഭാഗത്തിനിടയിലും അത്തരം ഒറ്റപ്പെട്ട പുഴുക്കുത്തുകളുണ്ടാകുമെന്നത് നമ്മൾ അനുഭവിക്കുന്ന കാര്യമാണ്. തീർച്ചയായും ഇതിനെതിരെ മാതൃകാപരമായി നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള എന്ത് വിഷയങ്ങളുണ്ടെങ്കിലും വളരെ മാതൃകാപരവും ഏറ്റവും ഋജുവായ നിലയിലും നടപടി സ്വീകരിക്കണമെന്ന നിലപാടാണ് ഗവൺമെന്റിനുള്ളതെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

## പച്ചക്കറി വിപണിയിലെ ഇടപെടലുകൾ

4 (*124) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറികളുടെ വിലയിലുണ്ടാകുന്ന ക്രമാതീതമായ വർദ്ധനവിൽനിന്നും സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ നടത്തിയിട്ടുള്ള വിപണി ഇടപെടലുകൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിച്ച് വിപണിയിലെത്തിച്ച് ജനങ്ങൾക്ക് സുരക്ഷിത ഭക്ഷണവും കർഷകർക്ക്

ന്യായമായ വിലയും ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കാത്ത പച്ചക്കറി ഇനങ്ങൾ ഇതര സംസ്ഥാനങ്ങളിൽനിന്നും നേരിട്ട് സംഭരിച്ച് വിപണനം നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(ഡി) പച്ചക്കറികളുടെ സുരക്ഷിത സംഭരണത്തിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, (എ) പച്ചക്കറികളുടെ വില ക്രമാതീതമായി കൂടിയ സാഹചര്യത്തിൽ വിപണി വില പിടിച്ചുനിർത്തുന്നതിനായി മൂന്ന് രീതികളിലാണ് സംസ്ഥാന കൃഷി വകുപ്പ് ഇടപെടലുകൾ നടത്തിയത്.

1. ഹോർട്ടികോർപ്പ് വഴിയുള്ള പച്ചക്കറി സംഭരണവും വിപണനവും: പച്ചക്കറിയുടെ വിപണി വില കൂടിയ സാഹചര്യത്തിൽ, പച്ചക്കറി സംഭരണ - വിപണനത്തിലേർപ്പെടുന്ന മുഖ്യ സർക്കാർ ഏജൻസിയായ ഹോർട്ടികോർപ്പ് വഴി വിപണിയിൽ ഇടപെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. 2021-22 വർഷത്തിൽ ഹോർട്ടികോർപ്പ് 4292.89 ടൺ പച്ചക്കറികൾ കർഷകരിൽ

നിന്നും നേരിട്ട് സംഭരിച്ചാണ് വിപണിയിൽ എത്തിച്ചത്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു+.

2. <u>തക്കാളി വണ്ടികൾ</u>: എല്ലാ ജില്ലകളിലും കൃഷി വകുപ്പിന്റെയും വി.എഫ്.പി.സി.കെ.-യുടെയും നേതൃത്വത്തിൽ 17-12-2021 മുതൽ 30-12-2021 വരെ **22** സഞ്ചരിക്കുന്ന വിപണികൾ തക്കാളി വണ്ടികൾ എന്ന പേരിൽ പ്രവർത്തിക്കുകയുണ്ടായി. ഇത്തരത്തിൽ 30-12-2021 വരെ 67 ടൺ പഴം-പച്ചക്കറികൾ 29.26 ലക്ഷം രൂപയ്ക്ക് വില്പന നടത്തി.

3. <u>ക്രിസ്തുമസ് പുതുവർഷ വിപണികൾ</u>: ഉത്സവകാലത്ത് പച്ചക്കറികളുടെ വില വർദ്ധനവിൽനിന്നും സാധാരണക്കാരെ സഹായിക്കുന്നതിനായി 2000 ഓണവിപണികളും 1562 ക്രിസ്തുമസ് പുതുവർഷ വിപണികളും സംഘടിപ്പിച്ചു. കൃഷി വകുപ്പ് നേരിട്ട് നടത്തിയ ക്രിസ്തുമസ് പുതുവർഷ വിപണികൾവഴി ഏകദേശം 473 ടൺ പച്ചക്കറികൾ ഉൾപ്പെടെ ആകെ 2043 ടൺ പച്ചക്കറികൾ ന്യായവിലക്ക് ഈ കാലയളവിൽ ഉപഭോക്താക്കൾക്ക് എത്തിക്കാൻ സാധിച്ചു. ഉത്സവ കാലങ്ങളിൽ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണികളിൽനിന്നും ലഭ്യമാകുന്ന

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയുമാണ് വിപണികൾ പ്രവർത്തിച്ചത്.

കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചക്കറി ഉത്പന്നങ്ങൾ ഗുണനിലവാരം കുറയാതെ സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ശീതീകരിച്ച വാഹനങ്ങൾ വാങ്ങുന്നതിനായി 112 ലക്ഷം രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന 50% സബ്സിഡി നൽകി 12 എണ്ണവും, FPO, സ്വാശ്രയ സംഘങ്ങൾ, ഹോർട്ടികോർപ്പ്, മറ്റു സ്ഥാപങ്ങൾ മുഖേന 100% സബ്സിഡി നൽകി 8 എണ്ണവും വാങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളും മൂല്യവർധിത ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിനായി കണ്ടെയ്നർ മോഡൽ വില്പനശാലകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന 50% സബ്സിഡി നൽകി 12 എണ്ണവും, FPO, സ്വാശ്രയ സംഘങ്ങൾ, ഹോർട്ടികോർപ്പ്, മറ്റു സ്ഥാപങ്ങൾ മുഖേന 100% സബ്സിഡി നൽകി 22 എണ്ണവും വാങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. RIDF-ഉം MIDH-ഉം ഫണ്ടുപയോഗിച്ച്

കേരളത്തിലെ പ്രധാന നഗരങ്ങളിൽ 'ഇന്റഗ്രേറ്റഡ് സപ്ലൈ ചെയിൻ' രൂപീകരിക്കുന്നതിന്റെ ഭാഗമായി KLDC മുഖേന 4 Integrated Pack House തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കാനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു. ഇടുക്കി വട്ടവട മാർക്കറ്റ് കോംപ്ലക്സിൽ കർഷകരിൽനിന്നും സംഭരിക്കുന്ന ക്യാരറ്റ്, ഉരുളക്കിഴങ്ങ് എന്നിവ മെഷീൻ ഉപയോഗിച്ച് കഴുകി വൃത്തിയാക്കി തരംതിരിച്ച് സംഭരിക്കാനുള്ള ഒരു പദ്ധതി RKVY ഫണ്ട് ഉപയോഗിച്ച് ഹോർട്ടികോർപ്പ് നടപ്പിലാക്കിവരുന്നു. വി.എഫ്.പി.സി.കെ.-യുടെ കീഴിലുള്ള തൃശ്ശൂർ, വയനാട് പായ്ക്ക് ഹൗസുകളിൽ 10 മെട്രിക് ടൺ സംഭരണശേഷിയുള്ള ശീതീകൃത അറയും സജ്ജമാക്കിയിട്ടുണ്ട്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, പച്ചക്കറിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം വന്നപ്പോൾ അടിയന്തരമായി ഇടപ്പെട്ട് വില നിയന്ത്രിക്കാനും പച്ചക്കറികൾ എത്തിക്കാനും അങ്ങയുടെ വകുപ്പ് കാണിച്ച പ്രവർത്തനങ്ങളെ ഈ ഘട്ടത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. വില വർദ്ധിക്കുന്ന സാഹചര്യം വരുമ്പോൾ അതിനെ സ്ഥിരമായി നിയന്ത്രിക്കാൻ കഴിയുന്ന, ഇതര സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന

പച്ചക്കറികളുടെയാണെങ്കിലും ഗുണനിലവാരം ഉറപ്പുവരുത്താൻ ഒരു സ്ഥിരം സംവിധാനം കൊണ്ടുവരാൻ കഴിയുമോ; അങ്ങനെയെന്തെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, സർക്കാർ നേരിട്ട ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം തക്കാളിയുടെ വില വർദ്ധിച്ച സാഹചര്യമായിരുന്നു. പച്ചക്കറികൾക്ക് വില കൂടുകയും നമുക്ക് ആവശ്യത്തിനുള്ള പച്ചക്കറി ലഭ്യമാകാത്ത സാഹചര്യമുണ്ടാകുകയും ചെയ്തപ്പോൾ പാലക്കാട് നിന്ന് പരമാവധി പച്ചക്കറി സംഭരിച്ചെങ്കിലും അതും തികയാത്ത അവസ്ഥയുണ്ടായി. ഈ അവസരത്തിൽ ഇടനിലക്കാരിൽനിന്ന് ചില പ്രശ്നങ്ങളെല്ലാം ഉയർന്നുവന്നിരുന്നു. അപ്പോഴാണ് കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ കൃഷിവകുപ്പുമായും എഫ്.പി.ഒ.-കളുമായും നേരിട്ട് ബന്ധപ്പെട്ട് ഇത്തവണ കൂടുതലായി പച്ചക്കറി സമാഹരിച്ച് സംഭരിച്ച് ഇവിടെയെത്തിച്ചത്. ഇതൊരു ശാശ്വതമായ പരിഹാര മാർഗ്ഗമാണെന്ന് കൃഷി വകുപ്പ് കരുതുന്നില്ല. നമുക്കാവശ്യമായ വിഷരഹിതമായ പച്ചക്കറികൾ കേരളത്തിൽത്തന്നെ ഉല്പാദിപ്പിച്ച് ഉപയോഗിക്കുക എന്നതിനാകണം നാം പ്രാധാന്യം കൊടുക്കേണ്ടതെന്നാണ്

സർക്കാരിന്റെ നിലപാട്. അതിന്റെ ഭാഗമായാണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന വലിയ കാമ്പയിന് സർക്കാർ തുടക്കം കുറിക്കുന്നത്. നമുക്ക് ആവശ്യമായ പച്ചക്കറി ഉല്പാദിപ്പിക്കണം. അത് നമ്മുടെ ആരോഗ്യത്തിന്റെ പ്രശ്നമാണെന്നുള്ളത് ഗൗരവത്തിൽ കാണണം. RCC-യുടെ പുതിയ കണക്ക് പറയുന്നത്, 35-40 ശതമാനം വരെ കേരളത്തിലെ കാൻസർ രോഗത്തിന് കാരണമാകുന്നത് ഭക്ഷണവും ജീവിതശൈലിയുമാണെന്നാണ്. നാം കഴിക്കുന്ന ഭക്ഷണം നമ്മുടെ ആരോഗ്യത്തിനും ജീവിതത്തിനും വേണ്ടിയായിരുന്നുവെങ്കിൽ ഇന്ന് കഴിക്കുന്ന ഭക്ഷണം രോഗത്തിനും മരണത്തിനും വേണ്ടിയായിത്തീർന്നിരിക്കുന്നു എന്നുള്ളത് മനസ്സിലാക്കണം. അതിൽ പ്രധാനമായും പച്ചക്കറികളിലുംമറ്റുമുള്ള വിഷാംശങ്ങളാണെന്ന അപകടകരമായ സ്ഥിതിവിശേഷം ഗൗരവത്തിൽ കണ്ടുകൊണ്ട് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന് ഓരോ കുടുംബവും പ്രഖ്യാപിക്കുന്ന നിലയിലേയ്ക്കെത്തിയാൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയും. അതോടൊപ്പം നേരിട്ട് ഗുണമേന്മയുള്ള പച്ചക്കറികൾ സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നുള്ളകാര്യംകൂടി അറിയിക്കുകയാണ്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാമുകൾ,

ഇപ്പോൾ പട്ടാമ്പിയിൽ സെൻട്രൽ ഓർച്ചാർഡ് അടക്കം നിരവധി ഫാമുകളുണ്ട്. ആ ഫാമുകൾ കാലഘട്ടത്തിനനുസരിച്ച് ആധുനികവൽക്കരിക്കുന്നതിന്, അതായത്, ഫാം ടൂറിസം, സംഭരണം, കോൾഡ് സ്റ്റോറേജ്, മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാനുള്ള സംവിധാനം, പൊതുജനങ്ങൾക്ക് കൃഷിയെ പഠിക്കാനുള്ള ട്രെയിനിംഗ് പ്രോഗ്രാമുകൾ തുടങ്ങിയവ നടത്താൻ കഴിയുന്ന രീതിയിൽ നവീകരിക്കാൻ തയ്യാറാകുമോ; അങ്ങനെയുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കേരളത്തിലെ ഫാമുകളുടെ കാര്യത്തിൽ ഗൗരവതരമായ ഇടപെടൽ നടത്തണമെന്നുതന്നെയാണ് സർക്കാർ ആലോചിച്ചിരിക്കുന്നത്. ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലും സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്നതുമായ ഫാമുകളുണ്ട്. ഇക്കാര്യവുമായി മാത്രം ബന്ധപ്പെട്ട് കേരളത്തിലെ മുഴുവൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരെയും ഉൾപ്പെടുത്തിക്കൊണ്ട് തൃശ്ശൂരിൽവച്ച് ഒരു യോഗം വിളിച്ച് ചേർക്കുകയുണ്ടായി. ഓരോ ഫാമിലും നടപ്പിലാക്കേണ്ടത് വ്യത്യസ്തങ്ങളായ പരിപാടികളാണ്. ഓരോ ഫാമിനെയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് അവിടങ്ങളിൽ നടപ്പാക്കേണ്ട കാര്യങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട്

സമർപ്പിക്കാൻ പ്രത്യേക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാർച്ച് മാസത്തോടുകൂടി റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിന്റെയടിസ്ഥാനത്തിൽ ഇവിടെ സൂചിപ്പിക്കപ്പെട്ട ഫാം ടൂറിസം അടക്കമുള്ള കാര്യങ്ങൾ ഏതെല്ലാം ഫാമുകളിലാണ് ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നതെന്ന് പരിശോധിച്ച് അതെല്ലാം നടപ്പാക്കുന്നതായിരിക്കും.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പച്ചക്കറി വിപണിയിലെ ഇടപെടലുമായി ബന്ധപ്പെട്ട വിഷയങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. വളരെ പ്രശംസനീയമായ ഇടപെടലുകളാണ് ഈ രംഗത്ത് നടത്തുന്നത്. പക്ഷേ വളരെ പ്രധാനപ്പെട്ട പ്രശ്നം, സ്വയം പര്യാപ്തമാക്കുമെന്ന് സൂചിപ്പിച്ചപ്പോൾ, സ്വന്തമായി ഭൂമിയില്ലാത്ത ഇവിടത്തെ ചില കർഷകർ അതായത് പാട്ടഭൂമിയെടുത്ത് കൃഷിചെയ്യുന്ന ആളുകളെ സംബന്ധിച്ച് നിലനിൽക്കുന്ന ധാരാളം വിഷയങ്ങളുണ്ട്. ഭൂമിയുടെ ഉടമസ്ഥർ അവർക്ക് ആവശ്യമായ രേഖ നൽകാത്തതിന്റെ വിഷയങ്ങളുണ്ട്. അതുകൊണ്ട് ഇത്തരം വിഷയങ്ങളിൽ കൃഷിക്കാരെ സഹായിക്കാൻ സബ്സിഡി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, വസ്തു പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്ന കർഷകരെക്കൂടി സഹായിക്കുന്ന സംവിധാനം ഇപ്പോഴുണ്ട്. ഒരു രേഖയും ഇല്ലാത്ത സ്ഥിതി വന്നാൽ അത് ചിലപ്പോൾ ബുദ്ധിമുട്ടുണ്ടാകുകയും ഭാവിയിൽ ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടാകുകയും ചെയ്യും. അതിനാലാണ് ഇത്തരം നിബന്ധനകൾ ഏർപ്പെടുത്തുന്നത്. നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസരിച്ച് സാധ്യമാകുന്ന എല്ലാ സഹായങ്ങളും എല്ലാ കർഷകർക്കും നൽകാനുള്ള സംവിധാനമുണ്ടാകും.

<u>മി. സ്പീക്കർ</u> : ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

****